മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 09 No. 32 THE ONLINE OFFICIAL NEWS BULLETIN 2026 August 06

SEASON OF TRANSFIGURATION തേജസ്കരണകാലം ܥܕܢܐ ܕܓܠܝܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
9	10	11	12	13	14	15
2	6	2	6	2	6	7
1st Sunday after the Feast of Transfiguration ✝ Comme. Of St. Mathias the Apostle Mem. of Arch Deacon Geevarghese the Great ✠ (Angamaly Cheriay Palli)			Comme. of Mar Assayel		Comme. of Prophet Micah	✝ Shunoyo Feast of the Dormition of St. Mary 110th Mem. of Patriarch Mar Ignatios Abded Meshiha ✠ (Kurkuma Dayara) Devalokam aramana chappel perunnal



'എഫഥാ' ശ്രവണസഹായ പദ്ധതിയുമായി ഓർത്തഡോക്സ് വിദ്യാർഥി പ്രസ്ഥാനം

കോട്ടയം: കേൾവി പരിമിതിയുള്ള വിദ്യാർഥികൾക്ക് സൗജന്യ ശ്രവണസഹായ പദ്ധതിയുമായി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വിദ്യാർഥി പ്രസ്ഥാനമായ എം.ജി.ഒ.സി.എസ്.എം. എഫഥാ (തുറക്കപ്പെടുക) എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു. പ്രപഞ്ചത്തിലെ ശബ്ദങ്ങൾ അന്യമായവരെ കേൾവിയുടെ ലോകത്തേക്ക് കൈപിടിച്ച് നയിക്കുന്ന വിദ്യാർഥി മാതൃക അനുകരണീയമാണെന്ന് ബാവാ പറഞ്ഞു.

എം.ജി.ഒ.സി.എസ്.എം പ്രസിഡന്റ് ഡോ. ഏബ്രഹാം മാർ സെറാഫിം, ജനറൽ സെക്രട്ടറി ഫാ. ഡോ. വിവേക് വർഗീസ്, വൈസ് പ്രസിഡന്റുമാരായ ക്രിസൺ കെ. തോമസ്, റിച്ച സൂസൻ മാത്യു, സെക്രട്ടറി അലക്സ് പി. ഷിജു, മിഷനറി ഫോറം സെക്രട്ടറി ഡിനു എസ്. സുനിൽ എന്നിവർ സംബന്ധിച്ചു. ബഹ്റൈൻ സെന്റ് തോമസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ സഹകരണത്തോടെയാണ് എഫഥാ ശ്രവണസഹായ പദ്ധതി നടപ്പാക്കുന്നത്.

മലങ്കര അസോസിയേഷന്റെ അജണ്ടായും നിർദേശങ്ങളും പ്രസിദ്ധീകരിച്ചു

ദേവലോകം: 2026 ഓഗസ്റ്റ് 27-നു മുളന്തുരുത്തി വെട്ടിക്കൽ സെന്റ് ഗ്രീഗോറിയോസ് നഗറിൽ സമ്മേളിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ അജണ്ടാ മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിലും, മലങ്കര അസോസിയേഷൻ യോഗം ചേരുന്ന വെട്ടിക്കൽ ദയറായിലെ സെന്റ് ഗ്രീഗോറിയോസ് നഗറിലും സഭയുടെ വെബ്സൈറ്റായ www.mosc.in -ലും പ്രസിദ്ധീകരിച്ചു.

പങ്കെടുക്കുന്ന അംഗങ്ങൾക്കുള്ള നിർദേശങ്ങളും www.mosc.in-ൽ ലഭ്യമാണെന്ന് അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു.

സർക്കാരിന്റെ ലഹരി വിരുദ്ധ പോരാട്ടത്തിന് പിന്തുണ

മലങ്കരസഭാ സുന്നഹദോസ് സമാപിച്ചു

കോട്ടയം: ലഹരിമാഫിയയെ തുടച്ച് നീക്കാൻ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഓപ്പറേഷൻ തൂഫാന് പിന്തുണ അറിയിച്ച് മലങ്കരസഭാ സുന്നഹദോസ്. അധ്യാപികമാർ വരെ ലഹരിസംഘത്തിന്റെ ഭാഗമായി മാറുന്ന സംഭവങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. വിദ്യാർഥികളെയും, യുവസമൂഹത്തെയും ലഹരിവലയിൽ പെടാതെ സംരക്ഷിക്കുവാൻ സർക്കാർ നടത്തുന്ന എല്ലാ ശ്രമങ്ങൾക്കും സുന്നഹദോസ് പൂർണ പിന്തുണ പ്രഖ്യാപിച്ചു. മയക്കുമരുന്നിന് പുറമേ മദ്യലഭ്യത കുറയ്ക്കുവാനുള്ള തീവ്രശ്രമങ്ങളും സർക്കാരിൽ നിന്നുണ്ടാകണമെന്ന് സുന്നഹദോസ് പ്രത്യാശ പ്രകടിപ്പിച്ചു.

മലങ്കരസഭയുടെ വിദേശ ഭദ്രാസനങ്ങളിലെ വിദ്യാർഥികൾക്ക് വൈദിക വിദ്യാഭ്യാസം നടത്തുന്നതിനായി ഇന്ത്യയ്ക്ക് പുറത്ത് വൈദിക സെമിനാരി ആരംഭിക്കുന്നതിനുള്ള പഠനത്തിനായി മെത്രാപ്പോലീത്താമാരുടെ സമിതിയെ ചുമതലപ്പെടുത്തി. ഇക്വഡോർ, ബ്രസീൽ തുടങ്ങിയ വിവിധ രാജ്യങ്ങളിൽ സഭ നടത്തുന്ന മിഷൻ പ്രവർത്തനങ്ങളെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിലയിരുത്തുകയും തൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. മദ്രാസ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടന്നു കൊണ്ടിരിക്കുന്ന ശ്രീലങ്കൻ മിഷന്റെ ചുമതല ഏഷ്യാ-പസഫിക് ഭദ്രാസനത്തിന് കൈമാറി. ഓഗസ്റ്റ് 27-നു മുളന്തുരുത്തിയിൽ സമ്മേളിക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ ഒരുക്കങ്ങൾ സുന്നഹദോസ് വിലയിരുത്തി.

വൈദിക സെമിനാരികൾ, പരുമല സെമിനാരി, പരുമല ആശുപത്രി , മിഷൻ സൊസൈറ്റി തുടങ്ങി വിവിധ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും വാർഷിക റിപ്പോർട്ടുകളും വരവ് -ചെലവ് കണക്കുകളും അവതരിപ്പിച്ചു. സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പ്, ശുശ്രൂഷക സംഘം തുടങ്ങി വിവിധ ആത്മീയ സംഘടനകളുടെ ഭരണഘടനകൾ അംഗീകരിച്ചു.

മെത്രാപ്പോലീത്താമാരായ ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഏബ്രഹാം മാർ എപ്പിഫാനിയോസ്, ഡോ.മാത്യൂസ് മാർ തീമോത്തിയോസ് എന്നിവർ ധ്യാനയോഗങ്ങൾക്ക് നേതൃത്വം നൽകി. പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ജൂലൈ 27-നു ആരംഭിച്ച സുന്നഹദോസിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവാ അധ്യക്ഷത വഹിച്ചു. സഭയിലെ മുഴുവൻ മെത്രാപ്പോലീത്താമാരും സംബന്ധിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ

6-11-124. തിരുവനന്തപുരം. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. ഇന്ന് നമ്മുടെ കേസിന്റെ അവധി ദിവസമായിരുന്നു. നമ്മുടെ എതിർകക്ഷിയുടെ വാദം ആയിരുന്നു ഇന്ന് നടന്നത്. എതിർഭാഗം വക്കീൽ ബോംബെയിലെ അഡ്വക്കേറ്റ് ജനറൽ മി. ആമീൻ ആണ്. ഇന്നത്തെ വാദം ഫുൾബഞ്ചിനെ സംബന്ധിച്ചും, ജൂറിസ്ഡിക്ഷനെ കുറിച്ചുമായിരുന്നു.

രാവിലെ നമ്മുടെ വക്കീലായ കെ. എം. മുൻഷി കോടതിയിൽ പോകുന്നതിനു മുമ്പ് മസ്കറ്റ് ഹോട്ടലിൽ ചെന്ന് അയാളെ നാം കണ്ടു. അയാളുടെ ക്ഷേമത്തെക്കുറിച്ചു അന്വേഷിച്ചു. അയാളുടെ ഭാര്യയും ഉണ്ടായിരുന്നു. ഇ. ജെ. ഫീലിപ്പോസ് നമ്മെ പരിചയപ്പെടുത്തി. കേസ് കേൾക്കുവാൻ വളരെപ്പേർ കൂടിയിരുന്നു. സന്ധ്യയ്ക്കുശേഷം പീലക്സിനോസ് മെത്രാൻ വന്നു.

7-11-124. തിരുവനന്തപുരം. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. ഇന്നും എതിർഭാഗം വക്കീൽ വാദം നടത്തി. ഉച്ചയ്ക്കുശേഷം മൂന്നരമണി വരെ അയാളുടെ വാദം നീണ്ടുനിന്നു. അതിനുശേഷം നമ്മുടെ വക്കീൽ വാദം ആരംഭിച്ചു. അയാളുടെ വാദം നാളെക്കൊണ്ട് അവസാനിക്കുമെന്നറിയുന്നു. ഹിയറിംഗ് കേൾക്കുവാൻ നാനാദേശത്തു നിന്നും അനേകർ വന്നിട്ടുണ്ട്. പീലക്സിനോസ് മെത്രാച്ചൻ ഇവിടെയുണ്ട്.

8-11-124. തിരുവനന്തപുരം. ഇന്ന് രാവിലെ നാം വി. കുർബ്ബാന ചൊല്ലി. പീലക്സിനോസ് മെത്രാച്ചൻ രാവിലെ ചെങ്ങന്നൂരിനു പോയി. ഇന്നേ ദിവസം മി. മുൻഷി നമ്മുടെ ഭാഗം തുടർന്നു വാദിച്ചു. ഉച്ചയ്ക്കുശേഷം മൂന്നു മണിക്ക് അയാളുടെ വാദം അവസാനിച്ചു. മറുഭാഗം 'റീ' ആരംഭിച്ചു. നാലര മണിക്കു റീ അവസാനിച്ചു. ആമീൻ 'റീ' വാദിച്ച കൂട്ടത്തിൽ ഗ്രാന്റ് എന്ന് എഴുതിയിട്ടുള്ള ഒരിടത്ത് അഡ്മിറ്റ് എന്ന് ചേർത്തു വായിച്ചു. ആയത് ചീഫ് ജസ്റ്റീസ് കണ്ടുപിടിച്ചുവെന്നുള്ളത് ആമീന്റെ പേരിൽ വളരെ മോശമായിപ്പോയി. നമ്മുടെ വക്കീൽ ഇന്ന് മഹാരാജാവിന്റെ ക്ഷണം സ്വീകരിച്ച് കൊട്ടാരത്തിൽ പോയി.


9-11-124. തിരുവനന്തപുരം. ഇന്നു രാവിലെ നമ്മുടെ വക്കീൽ കന്യാകുമാരിക്കു പോയി. അയാൾ നാളെ തിരിച്ചു വന്നിട്ട് ഡൽഹിക്കു പറക്കുന്നതാണ്. നമുക്ക് ഇന്ന് ഷുഗറിന് ഡോ. കോശി പാലക്കുന്നൻ ഇൻസുലിൻ കുത്തിവച്ചു.

ഉച്ചയ്ക്കുശേഷം നാം കുണ്ടറയ്ക്കു തിരിച്ചു. ഇടയ്ക്ക് ചാത്തന്നൂർ കിഴക്കേവീട്ടിൽ പോയി മുതലാളിയെ സന്ദർശിച്ചു. മുതലാളി ആവശ്യപ്പെട്ടതനുസരിച്ച് 'പുര' കൂദാശ നടത്തി. അഞ്ചര മണിക്കു അവിടെ നിന്നു തിരിച്ച് ആറരയ്ക്കു കുണ്ടറ സെമിനാരിയിൽ എത്തി.

10-11-124. പത്തനാപുരം. ഇന്ന് ഉച്ചയ്ക്കുശേഷം കുണ്ടറ നിന്നും പുനലൂർ വഴി ഇവിടെയെത്തി. ദീവന്നാസ്യോസ് മെത്രാച്ചനും ഫാ. ജാക്സണും ഇവിടെയുണ്ട്. ഇവിടെയുള്ള ഒരു ലേഡി ഡോക്ടർ ഇന്ന് നമ്മെ പരിശോധിച്ചു. നാളെ പെൻസിലിൻ കുത്തിവയ്ക്കുന്നതാണ്. നമ്മുടെ കഴലയ്ക്കു ഒരു പരു വരുന്നു. അതിന് പെൻസുലിൻ കുത്തിവച്ചാൽ ഭേദമായേക്കും.

11-11-124. പത്തനാപുരം. രാവിലെ ഡോക്ടർ വന്ന് പെൻസിലിൻ കുത്തിവച്ചു. പിന്നീട് വിശ്രമം എടുത്തു. ഉച്ചയ്ക്കു ഒരു മണിക്കു പെൻസിലിൻ കുത്തിവച്ചു. അനന്തരം വിശ്രമം എടുത്തു. ടി. കെ. അലക്സാണ്ടർ നമ്മെ കാണുവാൻ വന്നു.

12-11-124. പത്തനാപുരം. പെന്തിക്കോസ്തിക്കു ശേഷം രണ്ടാം ഞായറാഴ്ച. നമുക്ക് പെൻസിലിൻ കുത്തി വച്ചുകൊണ്ടിരിക്കുന്നതിനാൽ കുർബ്ബാന ചൊല്ലാൻ സാധിച്ചില്ല. രാവിലെ കുത്തിവച്ചു കഴിഞ്ഞ് ഏഴു മണിക്കു കാപ്പി കുടിച്ചു. ഇവിടുത്തെ ഐസക്ക് കത്തനാർ വി. കുർബ്ബാന ചൊല്ലി. നാം കുർബ്ബാന പരസ്യമായി ആരംഭിച്ചപ്പോൾ മദ്ബഹായിൽ ചെന്നു. ഫാ. ജാക്സൺ പ്രസംഗിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ തർജ്ജമ ചെയ്തു.



പ്രസംഗം തീരാറായപ്പോൾ നാം തിരിച്ചു മുറിയിൽ പോന്നു. ഉച്ചയ്ക്കുശേഷം രാത്രി ഏഴു മണിക്കു വന്നു. നമ്മുടെ പരു പൊട്ടിയതിനാൽ വൈകിട്ട് കുത്തിവച്ചില്ല.

13-11-124. പത്തനാപുരം. ഇന്ന് പരുവിന്റെ വേദന അല്പം കുറവുണ്ട്. ഇന്ന് കുത്തിവച്ചില്ല. ഡോക്ടർ നാലു മണിക്കു വന്നു. മൂത്രം പരിശോധിച്ചു. കുഴപ്പമൊന്നുമില്ലെന്നു പറഞ്ഞു. ഡോക്ടർക്ക് അമ്പതു രൂപാ കൊടുത്തു.

14-11-124. തുമ്പമൺ സെന്റ് മേരീസ് പള്ളി. ഇന്ന് ഉച്ചയ്ക്കുശേഷം പത്തനാപുരത്തു നിന്നും തിരിച്ചു. നാലു മണിക്ക് ഇവിടെയത്തി. ഇവിടുത്തെ അച്ചന്മാർ രണ്ടുപേരും വന്നിരുന്നു.

15-11-124. തുമ്പമൺ. ഇന്ന് 15 നോമ്പിന്റെ തലനോമ്പു ദിവസമായിരുന്നു. രാവിലെ നാം വി. കുർബ്ബാന ചൊല്ലി. പത്തു മണിക്കുശേഷം ഇവിടുത്തെ ഇംഗ്ലീഷ് മിഡിൽ സ്കൂളും, പുതിയ ഹൈസ്കൂളും സന്ദർശിച്ചു. ഉച്ചയ്ക്കുശേഷം ഇവിടുത്തെ സ്കൂൾ കെട്ടിടം പണി സംബന്ധിച്ച് ആലോചിക്കുന്നതിലേക്കു അതിനുള്ള കമ്മിറ്റി കൂടി. വൈകിട്ട് നമസ്കാരശേഷം പള്ളിയിൽ നിന്നും ഇറങ്ങിയപ്പോൾ ളാക്കൂർ കത്തനാർ, നമ്മുടെ സമുദായക്കേസ് ഗുണമായി വിധിച്ചു എന്നു കാണിക്കുന്ന കമ്പിയുമായി വന്നു. ഇ. ജെ. ഫീലിപ്പോസ് തിരുവനന്തപുരത്തു നിന്നും അയച്ച കമ്പിയായിരുന്നു. ചീഫ് ജസ്റ്റീസ് മി. പുതുപ്പള്ളി കൃഷ്ണപിള്ളയും ജസ്റ്റീസുമാരായ മെ. കെ. എസ്. ഗോവിന്ദപിള്ളയും, ഹബീബ് മഹമ്മദും നമുക്ക് അനുകൂലമായും, മറ്റു ജസ്റ്റീസന്മാരായ മെ. മാത്യു മുരിക്കനും, കെ. ശങ്കരനും പ്രതികൂലമായും വിധിച്ചു. ഇത് നിമിത്തം ഇപ്പോൾ ഒരു ഫുൾ ബഞ്ചിനു നമ്മുടെ കേസ് കേൾക്കാമെന്നു വന്നതു കൂടാതെ, ഒരു കേസിന്റെ റിവ്യൂ, കേസ് വിധിച്ച ജഡ്ജിമാരല്ലെങ്കിലും അപ്പഴപ്പോഴുള്ള ജഡ്ജിമാർക്ക് കേൾക്കാമെന്ന് ഒരു പുതിയ ലോ (നിയമം) യും സൃഷ്ടിച്ചു. കേസിന്റെ വിധിയെക്കുറിച്ച് നമ്മെ അറിയിക്കുവാനും, കൊച്ചി-തിരുവിതാംകൂർ സംയുക്ത രാഷ്ട്രത്തിന്റെ വെള്ളിയാഴ്ച നടക്കുന്ന ഉദ്ഘാടനചടങ്ങുകളിൽ പങ്കുകൊള്ളുവാൻ നിർബ്ബന്ധിച്ചും നമ്മുടെ പഴയസെമിനാരി മാനേജർ യാക്കോബ് കത്തനാരും, കിഴക്കേഅറ്റത്തു കുഞ്ഞപ്പനും, മാളിയേക്കലെ ചാക്കോച്ചനും, ഉപ്പൂ

ട്ടിലെ കൊച്ചുപാപ്പിയും കൂടി സന്ധ്യ കഴിഞ്ഞ് ഇവിടെ വന്നു. പക്ഷേ നമുക്ക് നല്ല ആരോഗ്യമില്ലാത്തതിനാൽ ഉദ്ഘാടനത്തിൽ പങ്കുകൊള്ളുവാൻ സാധിക്കയില്ലെന്നാണ് പറഞ്ഞത്. കൂടാതെ ഇന്ന് പ്രധാനമന്ത്രിയുടെ ക്ഷണക്കത്തും കിട്ടി. നമുക്ക് സുഖമില്ലാത്തതിനാൽ വരുവാൻ നിർവ്വാഹമില്ല എന്ന് കമ്പിയടിക്കയും, പുറകെ എഴുത്തയയ്ക്കയും ചെയ്തു. മാനേജരച്ചനും അച്ചന്റെ കൂടെ കോട്ടയത്തു നിന്നും വന്നവരും രാത്രി ഒമ്പതു മണിക്കു ശേഷം കോട്ടയത്തിനു പോയി.

16-11-124. തുമ്പമൺ. തിരുവിതാംകൂർ-കൊച്ചി ഐക്യ സംസ്ഥാനത്തിന്റെ രാജപ്രമുഖനായി നാളെ (ജൂലൈ 1, 1949) പ്രഖ്യാപിക്കപ്പെടുന്ന തിരുവിതാംകൂർ മഹാരാജാവിനും, ടി ഐക്യ സംസ്ഥാനത്തിന്റെ പ്രധാനമന്ത്രിയായ തിരുവിതാംകൂർ പ്രധാനമന്ത്രി ടി. കെ. നാരായണപിള്ളയ്ക്കും അനുമോദന കത്തുകൾ അയച്ചു. ടി ഐക്യ സംസ്ഥാനത്തിന്റെ മന്ത്രിസഭയിൽ ഒരു മന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട മി. ഇ. ജോൺ ഫീലിപ്പോസിന് ആശീർവാദ കല്പനയും അയച്ചു. വേറെ വിശേഷമൊന്നുമില്ല.

17-11-124 (1-7-1949). തുമ്പമൺ. ഇന്ന് തിരുവിതാംകൂർ-കൊച്ചി സംയുക്ത രാഷ്ട്രത്തിന്റെ ഉദ്ഘാടന ദിവസമായിരുന്നു. തിരുവനന്തപുരത്തു ഇന്നേ ദിവസം നടന്ന ചടങ്ങുകളിലും, ഡർബാറിലും നമുക്ക് സംബന്ധിക്കുന്നതിന് പോകുവാൻ, അനാരോഗ്യം മൂലം സാധിച്ചില്ല. ഇന്നു മുതൽ ബ്രിട്ടീഷിന്ത്യൻ നാണയങ്ങൾ (രൂ. ണ. സ) തിരുവിതാംകൂറിലും നടപ്പായി. അഞ്ചൽ കവറിന് ഒരു ചക്രത്തിൽ നിന്നും ഒരണയായും കാർഡിന് എട്ടു കാശിൽ നിന്ന് നാലു പൈസയായും ഇന്നു മുതൽ വില വർദ്ധിപ്പിച്ചു.

ഇന്നുച്ചയ്ക്കു ശേഷം നാം നരിയാപുരം പള്ളിപണി കാണുവാൻ പോയി. കെട്ടിടം ജനലിന്റെയും കതകിന്റെയും മുകളിലത്തെ നിരപ്പായി. അവിടുത്തെ ജനങ്ങൾ പള്ളിപണിയിൽ വളരെ ശുഷ്കാന്തിയുള്ളവരായി കാണപ്പെട്ടു. തിരിച്ചുപോന്ന വഴി പുതിയ ഹൈസ്കൂളിന്റെ കഴുക്കോൽ ഇറക്കുന്നത് പോയി കണ്ടു. വേറെ വിശേഷമൊന്നുമില്ല.

18-11-124. തുമ്പമൺ. ഇവിടുത്തെ പുതിയ ഹൈസ്കൂളിന്റെ പണിയെ സംബന്ധിച്ച് പലരും ഓരോ അഭിപ്രായങ്ങൾ പറഞ്ഞു.

19-11-124. തുമ്പമൺ. ഇന്ന് പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ചയായിരുന്നു. പള്ളിയിൽ ജനങ്ങൾ വളരെ കൂടുതൽ വന്നിട്ടുണ്ടായിരുന്നു. നാം വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയുടെ മദ്ധ്യത്തിൽ ഒരു പ്രസംഗം ചെയ്തു. ഉച്ചയ്ക്കുശേഷം രണ്ടു മണിക്കു കൊച്ചുമെത്രാച്ചൻ (മാർ പീലക്സിനോസ്) വന്നു. പള്ളി പൊതുയോഗം കൂടി. സ്കൂൾ കാര്യങ്ങൾ നിശ്ചയിച്ചു. പഴയ മിഡിൽ സ്കൂളിനടുത്തു തന്നെ പുതിയ ഹൈസ്കൂൾ പണിയിക്കുവാൻ നിശ്ചയിച്ചു. മെത്രാച്ചൻ നാലര മണിയോടു കൂടി പുത്തൻകാവിലേയ്ക്കു പോയി.

20-11-124. കോട്ടയം പഴയസെമിനാരി. രാവിലെ പതിനൊന്നു മണിയോടു കൂടി തുമ്പമൺ പള്ളിയിൽ നിന്നും, പുതിയ ഹൈസ്കൂളിനുള്ള താൽക്കാലിക ഷെഡ്ഡ് പണിയുന്നതു കാണുവാൻ നാം പോയിരുന്നു. ഉച്ചയ്ക്കുശേഷം തുമ്പമൺ പള്ളിയിൽ നിന്നും ഇങ്ങോട്ടു പുറപ്പെട്ടു. ചെങ്ങന്നൂർ ബഥേലിൽ കയറി. കൊച്ചുമെത്രാച്ചൻ പുത്തൻകാവിലായിരുന്നതുകൊണ്ട് കാണുവാൻ സാധിച്ചില്ല. ചെങ്ങന്നൂർ നിന്നും തിരിച്ച് മൂന്നര മണിക്ക് പുതുശ്ശേരി ഹൈസ്കൂളിൽ എത്തി. അവിടുത്തെ പ്രവർത്തനങ്ങൾ തൃപ്തികരമായി പോകുന്നു. നാലര മണിക്കു അവിടെ നിന്നും തിരിച്ച് ആറു മണിയോടു കൂടി ഇവിടെയെത്തി.

21-11-124. കോട്ടയം. ഇന്നു വിശേഷമൊന്നുമില്ല. നമുക്ക് നല്ല സുഖമില്ലാത്തതിനാൽ സന്ധ്യാനമസ്കാരത്തിന് പള്ളിയകത്തേക്കു പോയില്ല.

22-11-124. കോട്ടയം. രാവിലെ കാപ്പിമേശ കഴിഞ്ഞ് നാം തിയോളജിക്കൽ സെമിനാരി സന്ദർശനത്തിനു പോയി. തീമോത്തിയോസ് മെത്രാച്ചൻ അവിടെയുണ്ട്. വട്ടക്കുന്നേൽ മത്തായി കത്തനാരും നരിമറ്റത്തിൽ യോഹന്നാൻ കത്തനാരും അവിടെയുണ്ടായിരുന്നു. കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാർ വന്നിട്ടില്ലായിരുന്നു. പതിനൊന്നു മണിയോടുകൂടി തിയോളജിക്കൽ സെമിനാരിയിൽ നിന്നും പോന്നു. ഇടയ്ക്ക് മനോരമയിൽ കയറി മാമ്മൻ മാപ്പിളയെയും, രോഗിയായിട്ടിരിക്കുന്ന അയാളുടെ ഭാര്യയെയും സന്ദർശിച്ചു.

23-11-124. കോട്ടയം. വിശേഷമൊന്നുമില്ല. എരുത്തിക്കലെ ശെമ്മാശൻ ഇന്നിവിടെ വന്നു. അയാൾക്ക് എം.എ. യ്ക്കു പഠിക്കുവാൻ തിരുവനന്തപുരത്ത് അഡ്മിഷൻ കിട്ടി. ഞായറാഴ്ച പോകയാണെന്നു പറഞ്ഞു. തോട്ടയ്ക്കാട്ട് പുത്തേട്ടുകടുപ്പിൽ ഫീലിപ്പോസ് കത്തനാർ ഇന്ന് ഇവിടെ വന്നിട്ടുണ്ട്. സ്കൂൾ കാര്യത്തെക്കുറിച്ച് പറയുവാനാണ് വന്നിരിക്കുന്നത്.

24-11-124. കോട്ടയം. ഇന്ന് മാനേജർ കത്തനാർ കുർബ്ബാന ചൊല്ലി. നൈനാൻ തടിയുംകൊണ്ട് പുതുശ്ശേരിക്കു പോയി.

25-11-124. കോട്ടയം. മാനേജർ കത്തനാർ വി. കുർബ്ബാന ചൊല്ലി. നാമും കുർബ്ബാനയിൽ സംബന്ധിച്ചു. പട്ടശ്ശേരിൽ കോറെപ്പിസ്ക്കോപ്പാ ഉച്ചയ്ക്കുശേഷം വന്നു. ഉടൻതന്നെ തിരിച്ചു പോയി.

26-11-124. ഇന്ന് പെന്തിക്കോസ്തിക്കു ശേഷം നാലാം ഞായറാഴ്ചയായിരുന്നു. രാവിലെ മാനേജർ കത്തനാർ വി. കുർബ്ബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഇന്ന് പാത്രിയർക്കീസ് ഭാഗത്തെ ഒരു കത്തനാർ ഇവിടെ വന്നു. അയാൾ രണ്ടാമതു വിവാഹം കഴിച്ചവനാണ്. അയാൾ കുർബ്ബാന ചൊല്ലുവാനുള്ള അനുവാദം നമ്മോടു ചോദിച്ചു. നാം അനുവദിച്ചില്ല. കുറിയാക്കോസ് റമ്പാച്ചൻ വന്നു.

27-11-124. കോട്ടയം. ഇന്ന് പുലിക്കോട്ടു മെത്രാച്ചൻ കാലം ചെയ്തതീയതിയായിരുന്നു. രാവിലെ നാമും കുറിയാക്കോസ് റമ്പാച്ചനും മാനേജർ കത്തനാരും കൂടി വി. കുർബ്ബാന ചൊല്ലി. പുലിക്കോട്ടിൽ മെത്രാച്ചന്റെ പെരുന്നാളിന് (ഇന്നു വൈകിട്ടും നാളെയും) വൈകിട്ട് തീമോത്തിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നു. തിയോളജിക്കൽ സെമിനാരി വിദ്യാർത്ഥികൾ എല്ലാവരും സന്ധ്യാനമസ്കാരത്തിനു മുമ്പ് വന്നു. വാളനടിയിൽ തോമസ് കത്തനാരും കല്ലുപുരയ്ക്കൽ ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്കാരവും റാസയും കഴിഞ്ഞ് ഊണും കഴിഞ്ഞ് എല്ലാവരും പോയി. തീമോത്തിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും കുറിയാക്കോസ് റമ്പാച്ചനും ഇവിടെയുണ്ട്.

28-11-124. കോട്ടയം. പുലിക്കോട്ടു മെത്രാച്ചന്റെ ശ്രാദ്ധപ്പെരുന്നാൾ ഇന്നേ ദിവസമായിരുന്നു. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മയുടെ ദിവസവും ഇന്നു തന്നെ. രാവിലെ നാമും തീമോത്തിയോസ് മെത്രാച്ചനും കുറിയാക്കോസ് റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം റാസ നടന്നു. രണ്ടു മണിയോടു കൂടി പീലക്സിനോസ് മെത്രാച്ചനും കുറിയാക്കോസ് റമ്പാച്ചനും പോയി. അഞ്ചു മണിയോടു കൂടി തീമോത്തിയോസ് മെത്രാച്ചൻ എം.ഡി. യിലേക്കു പോയി. തിയോളജിക്കൽ സെമിനാരിയിലെ വിദ്യാർത്ഥികൾ എല്ലാവരും പെരുന്നാളിനു വന്നിരുന്നു. രാത്രിയിൽ മണലിൽ യാക്കോബ് കത്തനാർ വന്നു.

29-11-124. കോട്ടയം. ഇന്ന് വി. ശ്ലീഹന്മാരുടെ ഓർമ്മദിവസമായിരുന്നു. നാം വി. കുർബ്ബാന ചൊല്ലി. മാനേജർ കത്തനാരും മണലിൽ യാക്കോബ് കത്തനാരും രാവിലെ തിരുവനന്തപുരത്തിനു പോയി. പുതുപ്പള്ളി പള്ളിക്കേസ് നമ്മുടെ ഭാഗത്തേക്ക് ഗുണമായി ഹൈക്കോടതിയിൽ നിന്നും വിധിയുണ്ടായതായി പത്രത്തിൽ നിന്നും അറിഞ്ഞു.

30-11-124. കോട്ടയം. ഇന്ന് തടിയത്ര പള്ളിക്കാര്യങ്ങൾ പറഞ്ഞു തീർക്കുന്നതിലേക്കു കുറ്റിക്കണ്ടത്തിൽ അലക്സന്ത്രയോസ് കത്തനാരും, എതിർപാർട്ടിക്കാരും വന്നിരുന്നു. കുറ്റിക്കണ്ടത്തിലച്ചൻ വന്നിട്ടു പോയി കഴിഞ്ഞാണ് എതിരുകാർ വന്നത്. തടിയത്ര പള്ളി സിംഹാസനത്തിലേക്കു എഴുതുവാൻ ഇരുകൂട്ടരും സമ്മതിച്ചിട്ടുള്ളതിനാൽ അപ്രകാരം ചെയ്യുവാൻ കുറ്റിക്കണ്ടത്തിലച്ചന്റെ പേർക്കു നാം കല്പന കൊടുത്തയച്ചു.

31-11-124. കോട്ടയം. രാവിലെ കാപ്പിമേശയ്ക്കു ശേഷം നേരത്തെ നിശ്ചയിച്ചിരുന്നതനുസരിച്ച് കാർത്തികപ്പള്ളിക്കു യാത്രയായി. വഴിമദ്ധ്യേ നമ്മുടെ തഴക്കര സ്കൂൾ സന്ദർശിച്ചു. പള്ളിക്കൂട പ്രവർത്തനങ്ങൾ തൃപ്തികരമായി പുരോഗമിക്കുന്നതിൽ നമുക്ക് വലിയ സന്തോഷം ഉണ്ട്. വിദ്യാർത്ഥികളിൽ അച്ചടക്കബോധം ദൃശ്യമായിരുന്നു.

അവിടെ ഉള്ള അദ്ധ്യാപകന്മാരും നമ്മെ വന്നു കണ്ടു. ഉച്ചമേശയ്ക്കുശേഷം നാം അവിടെ നിന്നും പുറപ്പെട്ടു. മൂന്നു മണിയോടു കൂടെ കാർത്തികപ്പള്ളി പള്ളിയിൽ എത്തി.

പുതുതായി ആരംഭിച്ച ഹൈസ്കൂൾ സന്ദർശിച്ച് അവരെ പ്രോത്സാഹിപ്പിക്കണമെന്നുള്ള സി. സി. ജോർജ് കത്തനാരുടെയും ഹെഡ്മാസ്റ്ററുടെയും അപേക്ഷയെ പരിഗണിച്ച് നാം സ്കൂൾ സന്ദർശിച്ചു. ക്ലാസ്സുകളിൽ ചെന്നപ്പോൾ വിദ്യാർത്ഥികൾ നമ്മോടു ആദരവും ഭക്തിയും കാണിക്കുകയും, ചെറുനാര

ങ്ങകൾ നമുക്ക് കാഴ്ചയായി സമർപ്പിക്കുകയും ചെയ്തു.

നാളെ മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളായതിനാൽ പുതിയ കെട്ടിടത്തിന് കല്ലിടീൽ നടത്തുന്നതിനായിട്ടും സ്കൂൾ കെട്ടിടത്തിന്റെ പണി സംബന്ധിച്ചു പൊതുജന പിന്തുണയും, സഹകരണവും അഭ്യർത്ഥിക്കുന്നതിനും മറ്റും ഒരു പൊതുയോഗവും ഇതര ചടങ്ങുകളും ക്രമീകരിച്ചു വരുന്നതായി നാം കണ്ടു.

1-12-124. കാർത്തികപ്പള്ളി. ഇന്ന് ഇവിടുത്തെ പള്ളിപെരുന്നാൾ കൂടെ ആയിരുന്നു. രാവിലെ നാം വി. കുർബ്ബാന അണച്ചു. കുർബ്ബാനയ്ക്കുശേഷം പുതിയ സ്കൂൾ കെട്ടിടത്തിന്റെ കല്ലിടീൽ ആഘോഷപൂർവ്വം നിർവ്വഹിച്ചു. തുടർന്ന് പൊതുയോഗം നമ്മുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ഒരു വമ്പിച്ച ജനാവലി തടിച്ചുകൂടിയിരുന്നു. നാനാജാതി മതസ്ഥരിൽ നിന്നും ആളുകൾ ഉണ്ടായിരുന്നു. സ്കൂളിന്റെ വിജയകരമായ നടത്തിപ്പിന് സകല പിന്തുണയും സഹകരണവും വാഗ്ദത്തം ചെയ്തുകൊണ്ടു സ്ഥലത്തെ പല മാന്യ വ്യക്തികളും പ്രസംഗിച്ചു.

2-12-124. കാർത്തികപ്പള്ളി. ഇന്ന് നാം വി. കുർബ്ബാന അണച്ചു. കുർബാനാനന്തരം നമ്മുടെ അദ്ധ്യക്ഷതയിൽ ആ പള്ളി പൊതുയോഗം കൂടി. സ്കൂളിന്റെ ആവശ്യത്തിന് പള്ളിയിൽ നിന്നു പണം ഉണ്ടാക്കാനുള്ള മാർഗ്ഗത്തെപ്പറ്റി ആലോചിച്ചു. പള്ളി വസ്തുക്കളിൽ ഏതെങ്കിലും ഒറ്റി കൊടുത്ത് പണം ഉണ്ടാക്കേണ്ടതാണെന്ന് തീരുമാനിച്ചു.

മാവേലിക്കര പ്ലാംമൂട്ടിലെ മൂപ്പീന്ന് മരിച്ചുവെന്നും, അടക്കത്തിനു നാം ഉണ്ടായിരിക്കണമെന്ന് അവർക്ക് പ്രത്യേക അപേക്ഷ ഉണ്ടെന്നും അറിയിക്കുകയാൽ നാം അങ്ങോട്ടു പോയി. കബറടക്ക ശുശ്രൂഷയ്ക്കുശേഷം മടങ്ങി കാർത്തികപ്പള്ളിയിൽ എത്തി.

3-12-124. കാർത്തികപ്പള്ളി. രാവിലെ കാപ്പിമേശയ്ക്കുശേഷം നാം ആലപ്പുഴയ്ക്കു പോയി. വികാരിയും പള്ളിക്കാരും നമ്മെ പ്രതീക്ഷിച്ച് പള്ളിയിൽ ഹാജരുണ്ടായിരുന്നു. പള്ളിപണിയിൽ അവർ കാണിക്കുന്ന ശുഷ്കാന്തിയും താൽപര്യവും നമ്മെ അതീവ സന്തുഷ്ടനാക്കി. പള്ളിയും പരിസരങ്ങളും വൃത്തിയായും മനോഹരമായും സൂക്ഷിച്ചിരുന്നു.

ആശുപത്രിയിൽ കിടക്കുന്ന ഞാവള്ളിൽ തൊമ്മച്ചനെ കാണാൻ ആസ്പത്രിയിലേക്കു പോയി. വികാരിയും മറ്റും നമ്മെ അനുഗമിച്ചു. ആശുപത്രി അധികൃതർ നമ്മെ സ്വീകരിച്ച് ആശുപത്രി മുഴുവൻ ചുറ്റികാണിച്ചു. രോഗികൾ ധാരാളം താമസിക്കുന്ന ആ സ്ഥലം വൃത്തിയായി സൂക്ഷിക്കുന്നതിൽ നാം ഡോക്ടറെ അഭിനന്ദിച്ചു. പാവപ്പെട്ട രോഗികൾക്കു കൊടുക്കുന്നതിനായി നാം ഒരു തുക സംഭാവന നൽകി.

ഉച്ചയ്ക്കു ശേഷം നാം അവിടെ നിന്നും മടങ്ങി പരുമല എത്തി.

4-12-124. പരുമല. ഇന്ന് രാവിലെ നാം ഇവിടെ എത്തി. വടക്കുവശത്തെ ഗോവേണിയുടെ പണി തുടർന്നു നടന്നു വരുന്നതായി കണ്ടു.

5-12-124. കോട്ടയം. ഉച്ചയ്ക്കു ശേഷം കോട്ടയത്തെത്തി.

6-12-124. കോട്ടയം. മുരണി പള്ളിക്കാർ വടക്കേടത്തു തോമസ് കത്തനാരെ സംബന്ധിച്ച് പരാതിപ്പെട്ടു. ബസേലിയോസ് പള്ളിക്കാരും മുരണി പള്ളിക്കാരും തമ്മിലുള്ള ഭിന്നത മിക്കവാറും അവസാനിച്ചു.

8-12-124. കോട്ടയം. രാവിലെ നമ്മുടെ മാങ്ങാനം ദയറാ സന്ദർശിച്ചു.

11-12-124. കോട്ടയം തിയോളജിക്കൽ സെമിനാരി ആവശ്യത്തിലേക്കു 300 രൂപ ഉലഹന്നാൻ കത്തനാരെ ഏൽപ്പിച്ചു.

15-12-124. കോട്ടയം. പതിവുപോലെ എണ്ണകുടി ആരംഭിച്ചു.

8-4-125. സിറിയൻ സെമിനാരി, കോട്ടയം. നാം കഴിഞ്ഞ ഒരാഴ്ചയായി മാങ്ങാനം ദയറായിൽ ആയിരുന്നു. തോട്ടയ്ക്കാട്ട് വലിയമണ്ണിലച്ചൻ ഇന്നലെ മരിച്ചു. ഇന്ന് നമ്മുടെ പേർക്ക് മാങ്ങാനത്ത് ആൾ വന്ന്, വിവരം അറിയിച്ചു. ഉച്ചയ്ക്കു രണ്ടു മണിക്കു ശേഷം മാങ്ങാനത്തു നിന്നും നാമും മാനേജർ കത്തനാരും കൂടി തോട്ടയ്ക്കാട്ടു പള്ളിയിൽ പോയി. തീമോത്തിയോസ് മെത്രാച്ചനും, പാമ്പാടി മെത്രാച്ചനും കോട്ടയം ഇടവകയിലെ അനേകം പട്ടക്കാരും ഒരു വലിയ ജനക്കൂട്ടവും ഹാജരുണ്ടായിരുന്നു. മൂന്നു മണിയോടു കൂടി ശുശ്രൂഷയാരംഭിച്ചു. അഞ്ചര ആയപ്പോഴേക്കും അവസാനിച്ചു. ഉടൻതന്നെ കാപ്പിമേശയ്ക്കുശേഷം നാം മാങ്ങാനത്തേക്കും അവിടെ നിന്നും സന്ധ്യയ്ക്കു ആറര മണിയോടു കൂടി ഇവിടെയും എത്തി. മറ്റു വിശേഷങ്ങൾ ഒന്നുമില്ല.

9-4-125. കോട്ടയം. ഇന്നു വൈകിട്ടും നാളെയും ഈ സെമിനാരി സ്ഥാപകൻ പുലിക്കോട്ടു മെത്രാച്ചന്റെ ഓർമ്മയാണ്. സന്ധ്യയോടു കൂടി തീമോത്തിയോസ് മെത്രാച്ചനും, പാമ്പാടി മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും ഇവിടെയെത്തിയിട്ടുണ്ട്. തിയോളജിക്കൽ സെമിനാരിയിലെ വിദ്യാർത്ഥികളും അദ്ധ്യാപകന്മാരിൽ ചിലരും വന്നു. സന്ധ്യാനമസ്കാരവും, റാസയും മറ്റും ഭംഗിയായി കഴിഞ്ഞു.

10-4-125. കോട്ടയം. രാവിലെ നാമും തീമോത്തിയോസ് മെത്രാച്ചനും പാമ്പാടി മെത്രാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം കൊച്ചുമെത്രാച്ചൻ പ്രസംഗിച്ചു. അതിനുശേഷം റാസയും കഴിച്ചു. ഉച്ചഭക്ഷണത്തിനുശേഷം കൊച്ചുമെത്രാച്ചനും തിയോളജി വിദ്യാർത്ഥികളും മറ്റും പോയി. തേവോദോസ്യോസ് മെത്രാച്ചൻ വൈകിട്ടു വന്നു.


ഇന്ന് ഇരവിപേരൂർ പള്ളിയിടവകക്കാർ ഒരു ഹർജിയും കൊണ്ട് നമ്മുടെ അടുക്കൽ വന്നു. അതേപ്പറ്റി അന്വേഷിക്കുവാൻ തേവർവേലിൽ മത്തായി കത്തനാരെ നാം അധികാരപ്പെടുത്തി കല്പന കൊടുത്തയച്ചു.

11-4-125. കോട്ടയം ചെറിയപള്ളി. ഇന്ന് പയ്യമ്പള്ളിൽ ദാവീദ് കത്തനാർക്ക് വടക്കെ ഇന്ത്യയ്ക്കു പോകുവാനും, ചുണ്ടുമണ്ണിൽ ഏബ്രഹാം കത്തനാർക്ക് പഴഞ്ഞിയിടവക ഇഷ്ടമുള്ളപ്പോൾ വിട്ടിട്ടു പോരുവാനും മലയായിലുള്ള വേലശ്ശേരിൽ ഏബ്രഹാം കത്തനാർക്ക്, മലയായിലെ നമ്മുടെ ആളുകൾക്ക് ക്രിസ്തുമസ് സന്ദേശം നമ്മുടെ നാമധേയത്തിൽ അയക്കുവാനും ഉള്ള കല്പനകൾ അയച്ചു.

ഉച്ചയ്ക്കു പീലക്സിനോസ് മെത്രാച്ചൻ സെമിനാരിയിൽ വന്നു. ചിച്ചെസ്റ്ററിലെ ബിഷപ്പ് ബെല്ലും മിസ്സസ് ബിഷപ്പും കൂടി സൗത്ത് ഇന്ത്യൻ യൂണിയൻ ചർച്ചിന്റെ അതിഥികളായി സി. കെ. ജേക്കബ് ബിഷപ്പിന്റെ അരമനയിൽ വന്നിട്ടുണ്ട്. അവരുടെ ബഹുമാനാർത്ഥം ടി അരമനയിൽ വച്ച് ഇന്ന് മൂന്നരയ്ക്കു ടീ പാർട്ടി നടത്തി. അതിനു നമുക്കും ക്ഷണം ഉണ്ടായിരുന്നതിനാൽ നാം പോയിരുന്നു. തത്സംബന്ധമായി വിവിധ സഭകളിലെ 12 ബിഷപ്പന്മാർ (നാമുൾപ്പെടെ) ഹാജരായിരുന്നു. നമ്മുടെ ഗ്രീഗോറിയോസ് (പാമ്പാടി) മെത്രാച്ചനും, തീമോത്തിയോസ് മെത്രാച്ചനും, തേവോദോസ്യോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും, മാർത്തോമ്മാ സഭയിൽ നിന്നും യൂഹാനോൻ തീമോത്തിയോസും (വലിയ മെത്രാപ്പോലീത്താ), മാത്യൂസ് അത്താനാസ്യോസും, റോമ്മാ സഭയിൽ നിന്നും ബിഷപ്പ് തോമസ് തറയിലും, നമ്മുടെ സഭ വിട്ട് റീത്തുസഭയിൽ ചേർന്ന മാർ സേവേറിയോസും, എസ്.ഐ.യു.സി. യിൽ നിന്നും സി. കെ. ജേക്കബ് ബിഷപ്പിനെ കൂടാതെ ബിഷപ്പ് ലഗ്ഗും, ചിച്ചെസ്റ്റർ ബിഷപ്പ് ബെല്ലും ആണ് ടി പന്ത്രണ്ടു പേർ. ടീ പാർട്ടിക്കു ശേഷം നാലു മണിക്ക് നാം ഇവിടെയെത്തി. മാവേലിക്കരക്കാരൻ സി. ഐ. നൈനാനും, നമ്മുടെ തുമ്പമൺ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ വി. ജി. ജോർജും സന്ധ്യയ്ക്ക് ഇവിടെ വന്ന് നമ്മെ കണ്ടു. വി. ജി. ജോർജ് രാത്രി പത്തു മണിയോടു കൂടി എം.ഡി. യിലേക്കു പോയി. ബിഷപ്പ് ബെൽ വന്നിരിക്കുന്നത് എസ്.ഐ.യു.സി. യെക്കുറിച്ച് കാന്റർബറി ആർച്ച് ബിഷപ്പിനു റിപ്പോർട്ട് ചെയ്യുവാനാണ്.

12-4-125. സിറിയൻ സെമിനാരി, കോട്ടയം. രാവിലെ നാം വി. കുർബ്ബാന ചെറിയപള്ളിയിൽ അർപ്പിച്ചു. പത്തര മണിയോടു കൂടി തേവോദോസ്യോസ് മെത്രാച്ചൻ, കോളജ് ചാപ്പലിൽ വി. കുർബ്ബാന ചൊല്ലിയശേഷം നമ്മുടെ അടുക്കൽ വന്നു. സഭാസമാധാന സംഘടനയുടെ പ്രസിഡണ്ട് നമ്മുടെ അടുക്കൽ വന്ന് സംസാരിച്ചു. ഉച്ചയ്ക്കുശേഷം മൂന്നര മണിക്ക് നാം ചെറിയപള്ളിയിൽ നിന്നും ഇവിടെയെത്തി. തേവോദോസ്യോസ് മെത്രാച്ചനും നമ്മുടെ കാറിൽ ഇങ്ങോട്ടുപോന്നു. ബിഷപ്പ് ബെല്ലിന്റെയും മിസ്സിസ് ബെല്ലിന്റെയും ബഹുമാനാർത്ഥം നാം ഇന്ന് രാത്രി ഏഴര മണിക്ക് നമ്മുടെ കമ്മിറ്റി മാളികയിൽ വച്ചു നടത്തിയ ഡിന്നർ സൽക്കാരത്തിൽ നമ്മുടെ ഗ്രീഗോറിയോസ് മെത്രാച്ചനും, തീമോത്തിയോസ് മെത്രാച്ചനും, തേവോദോസ്യോസ് മെത്രാച്ചനും, പീലക്സിനോസ് മെത്രാച്ചനും, സി. കെ. ജേക്കബ് ബിഷപ്പും മിസ്സ് ബ്രൂക്സ് സ്മിത്തും റവ. ലെസ്‌ലി ബ്രൗണും, എം. സി. കുറിയാക്കോസ് റമ്പാച്ചനും പങ്കെടുത്തു. ഡിന്നറിനു മുമ്പുതന്നെ അതിഥികൾ നമ്മുടെ ചാപ്പലും സെമിനാരിയും നടന്നു കണ്ടു. ഡിന്നറിനുശേഷം ബിഷപ്പ് ബെല്ലും മിസ്സിസ് ബെല്ലും ലെസ്‌ലി ബ്രൗണും ബിഷപ്പ് ജേക്കബിന്റെ ബംഗ്ലാവിലേക്കു പോയി. മിസ്സ് ബ്രൂക്ക് സ്മിത്ത് ബേക്കർ സ്കൂളിലേക്കു പോയി. പീലക്സിനോസ് മെത്രാച്ചൻ രാത്രിയിൽ തന്നെ ചെങ്ങന്നൂരിനു പോയി. ഇന്ന് പകൽ മൂന്നു മണിക്ക് നമ്മുടെ ചേപ്പാട് കണ്ണമ്പള്ളിൽ കോശി കത്തനാർ മരിച്ചു പോയിയെന്ന് രാത്രിയിൽ നമുക്ക് അറിവു കിട്ടി.

(തുടരും)



The contributions of Paulos Gregorios for world peace

Mrs Santha Sabu George

G Godly -People whose initial is 'G' are driven by their wish to make things happen and usually adopt unconventional solutions.

R 'R' signifies Resilience and courage, finding ways to move past any setbacks.

EAn inward glance into the 'E' unveils a larger than usual Emotional charge, as this is someone who is easily moved, whether by scenes from a movie, book or real life.

G With 'G' resonating with the energy of the number 7, these people may be drawn to mysticism and spirituality, as well as develop a greater sense of intuition.

O The letter O is linked to the life principle of wonderful habits, as key to an admirable existence.

R When 'R' is out of equilibrium, there is an excessive sense of self-importance and a tendency to control others.

I From a friendship perspective, 'I' doesn't shy away from speaking their mind, especially on occasions when this is in the interest of their friend.

O Always 'O'bedient to his Master. While he focused on prayer, he was like a Laser.

S Most of the time 'S'ilent but has a firm decision and mind. He was calm which came from total concentration. He always looked 'S'traight. It was his 'S'tillness which was his most mesmerizing quality

INTRODUCTION: Gregorios means **"watchful", "alert", "shepherd"** (from ancient Greek). Through folk etymology, Gregorios also became associated with the Latin word "grex" meaning "herd" or "flock". The name was adopted by early Christians heedful of the Biblical passage from 1 Peter 5:8, "Be sober-minded; be watchful.

Gregorios was born in Tripunithura to an ancient Christian Christian family called Thadikkal. Born on August 9, 1922, young Paul Varghese (former name of Thirumeni) was brought up in the traditional Christian family with discipline and close knowledge of Orthodox faith and practice. The young boy was very much attached to his mother. However, the sudden onset of a serious and prolonged illness of his mother brutally severed their affective ties, and the unusually bright teenager son was thrown into total confusion. His father was a stern school teacher of modest means. The emotional, spiritual and material struggles or in other words the trauma he has undergone being the eldest son in the family, had to undergo at that time and remained with him throughout his life. Despite all the painful circumstances, Paul Varghese got through the school final examinations with high distinction in the princely State of Cochin. One of his bitter disappointments was that his family had no means to send him to college.

He started his career as a freelance journalist, to various newspapers in Kochi and Malabar. Then he joined the Cochin Transport Company, and then later he joined the Post & Telegraphs Department in 1942.He mentions in his autobiography **Love's Freedom: the Grand Mystery**, in 1947, he went to Ethiopia as a school teacher. There he learned the Amharic language so well that he could compose an elementary grammar book of that language for students. He remained there until 1950 and then went to USA to start his college education that he had missed so much. He passed B. A from Goshen College and then a Bachelor of Divinity degree from Princeton University. Obviously his spiritual, theological and philosophical interests were kept alive amidst all the bad circumstances.

In 1954 Paul Verghese returned to India and started working as a lecturer in Christian faith and theology at the Union Christian College, Alwaye and the Fellowship House. Soon he was elected as General Secretary of the Orthodox Student Conference of India. In 1956, he went back to Ethiopia, this time invited as special advisor to Emperor Haile Selassie and as his liaison officer with India. He was treated almost like a prince in the royal house. Although he was critical of Selassie's policies, he gained the confidence of the Emperor. Finally, renouncing all the royal privileges, he went to Yale University to pursue his theological studies. From Yale he continued his academic journey to Oxford where he registered for a D.Phil. course. Then the young Paul Varghese was invited to join the staff of the World Council of Churches in Geneva by its first General Secretary Dr. Visser't Hooft. He declined it, though eventually he joined as its Associate General Secretary and as Director of the Division of Ecumenical Action (1962-1967).

He has lived in Africa (mostly in Ethiopia, two stints in 1947-50 and

1956-59, but have also visited a dozen other countries in that continent) for some six years or more. He came to the attention of the Emperor of Ethiopia, Haile Selassie I. The relationship that developed between them led Varghese to appointments as the head of various institutions in Ethiopia. He was sent to the United States for higher studies. He received his education there from Goshen College, the University of Oklahoma, Princeton Theological Seminary and Yale. In 1954, he returned to India with a master's degree in theology. He worked as a director of the Fellowship house in Aluva and a visiting professor of Union Christian College Aluva. By now, Paul Varghese had already received ordination as a priest. The young Indian Orthodox priest made a great impression as a speaker and Bible study leader on the World Assembly of the WCC at New Delhi in 1961.

In 1955, he joined the faculty of the Orthodox Theological Seminary, Kottayam. He also served as the general secretary of the Orthodox Students Christian Movement. During the Ethiopian Emperor's visit to India, in 1956, Varghese was persuaded to return to Ethiopia. There he served as the Emperor's personal aide and advisor. In 1959, he returned to India and in 1961 he was ordained as a priest. Fr. Varghese continued to pursue theological studies. He did his doctoral studies in Oxford and Germany and received his Doctorate in Theology from Serampore College in Calcutta. By now, Paul Verghese had already received ordination as a priest. The young Indian Orthodox priest made a great impression as a speaker and Bible study leader on the World Assembly of the WCC at New Delhi in 1961. In 1967, he became Principal of Orthodox Theological Seminary on the invitation of his mother Church in Kerala. Thus Fr. Paul Verghese began to put into practice his vision of theological education and pastoral training. He inspired several generations of priests and bishops.

In 1975, Fr. Paul Varghese was elevated as a bishop with the name Paulos Mar Gregorios. He took charge of the newly formed Diocese of Delhi, a position he held until his death(Nearly 21 years). He established the Delhi Orthodox Centre, where he began such ambitious projects as the Neeti Shanti Kendra for promoting peace and justice, and Sarva Dharma Nilaya for inter- religious dialogue and cooperation. Delhi, the national capital thus became the arena of his manifold activities—intellectual, social, pastoral and cultural. Until his demise in 1996, he simultaneously and successfully held the positions of the Principal of Orthodox Seminary in Kerala and that of the Metropolitan of Delhi. Concurrently, Mar Gregorios was the Principal of the Orthodox Theological Seminary at Kottayam, the premier teaching and training institution for the priests of the Church. He raised it to a college recognized for the award of graduate and post graduate degrees. He established the Sophia Centre linked to the Seminary.

He held various positions in the W. C. C. (World Council of Churches). There he headed the Division of Ecumenical Action as an Associate General Secretary. Later, he was a member of the Central Committee and of the Executive Committee, Moderator of the Commission on Church and Society (1975–83), and one of its Presidents (1983–91). He led WCC delegations to major conferences including the UN General Assembly Special Sessions on Disarmament (1983 and1988). In WCC forums and beyond, he persistently opposed apartheid and the old and new colonialism. **He chaired the World Conference on Faith, Science and the Future in Cambridge, United States (1979).** Articulator of the orthodox faith across the world; biblical scholar and teacher; exponent of sacred traditions; promoter of unity among orthodox christians; ecumenical leader devoted to inter-faith dialogue and cooperation; president, world council of churches. Mar Gregorios was a powerful speaker. He was most at ease in the English language. Clarity of expression was utmost in his speeches. It enabled his listeners to understand well even as he explained very difficult ideas. **In the celebrated conference on Science, Faith and Future held at the Massachusetts Institute of Technology (MIT) in 1979, Mar Gregorios moderated the assembly of some 1000 top scientists, theologians and philosophers.** Everybody was thrilled to experience the felicity of his spoken word even when he dealt with complex issues in the philosophy of science and religion. Mar Gregorios always maintained a holistic approach. He could easily see the total picture and the interconnections of various parts in it. This added to the clarity of his understanding and always gave new insights to the listeners. He also had a versatile mind. Although his basic academic training was in theology and philosophy, he could easily cut across the borders of various disciplines and gather insights from current research in both physical and social sciences as well as from ideological debates. Those who study his works are sometimes confounded by his amazing interest and understanding. To be sure, Mar Gregorios was a committed thinker and speaker and not an armchair philosopher. His passionate advocacy for justice to the poor, the Adivasis and Dalits, and his firm stand against western domination sometimes created powerful enemies for him. In the Canberra assembly of the WCC in 1991, he challenged in moving words the then Australian prime minister on stage regarding the Australian government's policy towards the Aborigines. While the audience of some 3000 people gave a standing ovation to the words of Mar Gregorios, several leaders of the western world were blushing. But that was almost the end of the leadership of Mar Gregorios in the West-dominated ecumenical movement and the WCC. **He was the vice-president of the Christian Peace Conference (1970–1990 a span of 20 long years).** A member of the Senate of the Kerala and Serampore Universities for a number of years, Mar Gregorios was a visiting professor at Denver, Harvard, Wooster, and Princeton Theological Seminary. He was a fellow at the Indian Institute of Advanced Study at Shimla, the vice-president of the Kerala philosophical Congress, and the president of the Indian Philosophical Congress.


SUBJECT: Mar Gregorios did not share the view that all religions said the same thing, but agreed that religions had common elements. Therefore, inter-religious dialogue for cooperation had untapped potential. During his 20 years in Delhi, he had extremely cordial and productive relations with the spiritual leaders of the Hindu, Buddhist, Muslim, Jain and Sikh religions. Mar Gregorios qualifies his own Christian vision of the world as "sacramental humanism." His understanding of reality is firmly rooted in the incarnation of God in Christ. He believed that, "the destiny of man is to be like God in every respect except that of being a non-creature; that is, God is the source of his own being but man's being will always be derived from God." The human vocation on earth and beyond consists in humanity's total participation in God's love, wisdom, power and holiness. During the Cold War period, Mar Gregorios was an active leader of the peace and the nuclear disarmament movement. He travelled often for various peace meetings in the Soviet Union where he was well-respected as a convinced spokesman for a new world order based on justice, peace and reconciliation. He personally challenged some of the dogmatic leaders, and was delighted to see new openings and more freedom in the Socialist world. But he never gave in to the seductive logic of the market economy and was staunchly critical of the Western economic and political supremacy. The idea of justice propagated by Mar Gregorios was deeply rooted in the notion of the Kingdom of God and its justice taught by Jesus Christ. So he did not subscribe to any human ideology in an absolute manner. He always said, 'God alone is infallible', and was deeply aware of the ambiguity of all human claims of truth and justice.

Mar Gregorios was profoundly committed to inter-faith dialogue. His deep appreciation for the Indian spiritual and philosophical heritage took him to fruitful studies of the Advaita Vedanta of Sri Sankara, and Buddhist and Jain thoughts. His well-known work Enlightenment East and West was based on the Buddhist idea of enlightenment as an authentically Indian/Asian one. He proposed it as a genuine Indian basis for our nation that has borrowed 'the secular' concept in its constitution from the European Enlightenment movement. The Buddhist enlightenment accepts the values of transcendence and rationality while the Western enlightenment rejects transcendence, and thus distorts our concept of the secular.

Mar Gregorios in his autobiography says that he "grew up as a child with fraternal feelings for people of other religions." Later in his adult life, he enunciated two principals for dialogue with people of other faiths: the first was the principle of maximum transparency. No hidden motives to convert the other. Love of Christ for all humanity must be the propelling motive. Motives like affirmation of, and concern for the unity of humanity and the need for pluralistic and harmonistic communities can follow from this principle of transparency. Second, no other religion should claim superiority over others in inter-faith dialogue. Respectful listening and learning from each other is the standard since all depend on God's grace and mercy. The life of Mar Gregorios was shaped by an intense sense of intense suffering and struggle. The experiences of his adolescence and early youth, as narrated by him in his biography, were decisive for his spiritual and intellectual development. The chapter on 'Suffering - Key to the Mystery' poignantly unveils the perceptions of a prodigiously intelligent and spiritually sensitive boy destined to struggle alone in an unkind world. This chapter and the following one on his Ethiopian experience provide clues to his sometimes miserably misunderstood mature personality.

Mar Gregorios always expressed his uncompromising trust that the created order is maintained by God's will and love. The divine will is always good and there is no trace of evil in it. So there is no reason for us to be daunted by evil or stymied by the fear of evil. He consistently demonstrated an amazing openness to learning. "I need to learn from all, and have indeed learned from many." He denounced what he called 'the will not to know' as a manifestation of human hubris. He says his "major liberation in life has been from thinking that the Western way of thinking with its specific categories and modalities is the only way to think and to know." He was convinced that his own Eastern Orthodox Christian tradition has confirmed the insights that he got from other religions, like for example, the principle of Advaita, that there is no creation other than God, or outside God; the Anekantavada of Jains which considers all truth as conditional, relative or qualified; and the Buddhist deconstruction of all epistemology. He once said "I have learned much from Jews and Arabs, from Sikhs and Zoroastrians, from Adivasis and Aborgines, from Africans and from the indigenous people of America. I hope I am still learning and will continue to do so until the end."

The long association of Mar Gregorios with Communist intellectuals in India and the Soviet Union was misunderstood by some people. In Kerala, some of the leading Communist theoreticians like P. Govinda Pillai openly acknowledge their great debt to Mar Gregorios for a fresh understanding of the socialist God. A widely well respected former Chief Minister, late Mr. C. Achuta Menon was sincerely devoted to him for his knowledge of the Marxist-Leninist theories and his compassionate openness to the cause of the poor and the disinherited. Mar Gregorios says that he "learned a lot from the Communists, that most avowedly atheistic wing of European enlightenment, from the weaknesses and failures as much as from their apparent successes." He cultivated the Communists for two reasons: first,



their social goals were more compatible with the Christian ideas of a just society than that of liberalism and its capitalist ideology. Second, the Western Christians, especially the Roman Catholic Church were vilifying everything the Communists were doing, without any sensitivity to some of the positive values of Socialist-Communist ideology. Mar Gregorios however, was disappointed that most Communists became dogmatic, corrupt and power hungry like some of the powerful Churches, and dug their own graves.

Inter-religious harmony in pre-Christian time: **The inter-religious dialogue did not begin before 25 years. For someone like Thirumeni, who comes from India, where the Christians are approximately 2.6% of the population and where eight different religions live together, inter-religious dialogue is an old thing. Yes, it is even older than Christianity. Thirumeni writes "We have an edict of Emperor Asoka in rock. Asoka was an emperor in India in the 3rd Century before Christ. This edict is extremely fascinating because it already specifies some principles of the inter-religious dialogue in the third century before Christ. The edict has the following contents: The emperor honors both ascetics and the householders of all religions, and he honors them with gifts and honors of various kinds. But he does not value gifts and honors as much as he values this — that there should be growth in the essentials of all religions. Growth in essentials can be done in different ways, but all of them have as their root restraint in speech, that is, not praising one's own religion, or condemning the religion of others without good cause. And if there is cause for criticism, it should be done in a mild way. But it is better to honor other religions for this reason. By so doing, one's own religion benefits, and so do other religions, while doing otherwise harms one's own religion and the religions of others. Whoever praises his own religion, due to excessive devotion, and condemns others with the thought "Let me glorify my own religion," only harms his own religion. Therefore contact (between religions) is good. One should listen to and respect the doctrines professed by others. The emperor desires that all should be well-learned in the good doctrines of other religions."**

"Already in the third century before Christ, Emperor Ashoka meant to set up this rock edict in different parts of the country. This tells us that he wanted different religions to respect each other, and not to condemn each other. This principle has not always been considered in my country, but it is a part of our inheritance". Asoka carried out something that we cannot do today. Asoka supported not only his own

religion, the Buddhism, but also Hinduism, the Jainism, the Shamanism and different other religions, which existed at the time in India. It more or less supported it in the same way. It did not prefer its religion. Inspired of Asoka's example, His Grace wanted to give the dialogue in order to understand each other and to communicate with one another. He thought we must continue it. We must set ourselves a clear goal which he summarized into below points.

Seldom in their time has the spirit of Orthodox Christianity found such creative expression in response to as many human concerns as through the life and work of Metropolitan Dr. Paulos Mar Gregorios. Defying the serious physical discomfort in later years, and until the peaceful end on the morning of the 24th November 1996, he was incessantly at work and prayer, not only for his Diocese and Church, but also for "**all humanity in truth and love**".

I would like to quote few points from Resp Thirumeni's letter to Rev. Fr. K. M. George, in which His Grace has clearly mentioned about the unity and peace.

QUOTE: .The unity of the One church, the one body of Jesus Christ, belongs to the very foundation of the Christian faith. By the very nature of the Church it has to be united and one. This we confess in the Creed, and this I believe. But the unity of the Church does not mean simply the unity of all Christians living now. We have to be one with the Church of all ages and all places. This means continuity with the Apostolic Church and its Apostolic witness. Most churches at present are not fully faithful to that tradition and heritage. The orientation of the Ecumenical Movement should not be to go after the latest fad, but to rediscover and live in greater fullness the Apostolic heritage, which can truly unite us in Christ. True unity is in the good, and the more we live in accordance with the total commitment to Christ and to His universal compassion, the more united we will be as churches. This is why renewal in the church and in personal lives is basic to the ecumenical movement. There can be no unity without renewal. It is the Spirit of God who unites us in the good. There is so much evil in our churches, which hampers and hinders their work for unity. Some self – assessment of a deeper kind than what goes on now, is needed in the churches.

.The ecumenical movement needs a new kind of leadership – decentralised and distributed in different parts of the globe – not bureaucratic offices, but of praying ecumenical communities, living and sharing in koinonia. The bureaucratic pattern does not fit, for Church leadership operations. We have to make full use of our best lay leadership, both female and male, but not let loose some feverish activists furiously tearing each other and themselves apart. **We need wise, loving and compassionate, knowledgeable and skilled people to lead us in this critical period of our history, people who fear God, who can pray together, who love each other, which is not the case now.** The shift of leadership from bureaucracy to a global koinonia of local koinonias is an urgent need. Another important ecumenical issue is the growing alienation between the organized main line churches and their people. So many, especially among the young and the learned, are opting for a life with minimum association with the organized church. There is a new and dangerous quest for "spirituality without religion" which is replacing yesterday's "Religionless Christianity." A great "spiritual" egoism and an unjustifiable individualist quest for one's own private peace and salvation lurk behind this anti-social, anti-communitarian movement. But there is some justification for people revolting against the life of the organized church.

(to be continued)



ആരാധന, മലങ്കരസഭാചരിത്ര ക്വിസ്

ഡെറിൻ രാജു

ക്വിസ് നമ്പർ 1: ചോദ്യങ്ങൾ

1: ഞാൻ ഒരു ട്രഷറി സൂക്ഷിപ്പുകാരനാണ്. എന്റെ യജമാനൻ യിസ്രായേൽക്കാരെ സ്വന്തദേശത്തിലേക്ക് പോകാൻ അനുവദിച്ചു. അപ്പോൾ ഞാനാണ് ദേവാലയത്തിലെ ഉപകരണങ്ങൾ മറ്റും അവർക്ക് പുറത്ത് എടുത്ത് കൊടുത്തത്. ആരാണ് ഞാൻ?

2. ശൂശാനകളിൽ മരുവും നീ
ആപ്പിൾ കനിയൊടു സന്നിഭനാം
നിബികളിലും ദേവാത്മജരാം
ശ്ലീഹരിലും നീ രമണീയൻ
നോക്കി പാർത്തേൻ നിൻപേർക്കായ്..

ഏത് ശുശ്രൂഷയിലെ ഗീതത്തിലെ വരികളാണിവ? ഇതേ അർഥം വരുന്ന പാട്ട് മറ്റ് ഒന്നു രണ്ടിടത്ത് പാടുന്നുണ്ട്. ഇതേ വരികൾ തന്നെ വരുന്നത് പറയണം.

3. "ഇഗുപ്തായക്കാരെ കൂടാതെ യവുനായക്കാരും റോമാക്കാരും ഇംഗ്ലീഷുകാരും ഈ പട്ടണത്തിൽ ഉണ്ടു. അർമ്മനായക്കാരായ ചില വ്യാപാരികളും ഉണ്ടെങ്കിലും അവർക്ക് പള്ളിയില്ല. അരി മുതലായ സാമാനങ്ങൾ ആവശ്യം പോലെ വാങ്ങിപ്പാൻ ീരം പട്ടണത്തിൽ ഉണ്ടായിരുന്നതിനാൽ ബൊമ്പായിൽ നിന്നു കരുതിയിരുന്ന അരിയും പിന്നീടു കപ്പൽക്കാരോട് രണ്ടു രൂപായ്ക്ക് വാങ്ങിയതും ചിലവായിപ്പോയതു കൊണ്ട് ഉണ്ടായിരുന്ന മനസ്താപം ഇവിടെ വച്ചു തീർന്നു."

ആരുടെ വാക്കുകളാണിവ. എവിടെയാണ് പറഞ്ഞിരിക്കുന്നത്?

4. 1581-ലെ അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് ദാവൂദ്ശായുടെ തിരഞ്ഞെടുപ്പിന്റെ സുന്നഹദോസ് മിനുട്സ് ബുക്കിനു മലങ്കര സഭയുടെ ചരിത്രത്തിലുള്ള പ്രാധാന്യം എന്താണ്?

5. 1938, 1976, 1979, 1982, 2009 – ഈ വർഷങ്ങൾക്ക് പൊതുവായി എന്ത് പ്രത്യേകതയാണ് മലങ്കര സഭയുടെ ചരിത്രത്തിലും വളർച്ചയിലും ഉള്ളത്.?

ക്വിസ് നമ്പർ 1: ഉത്തരങ്ങൾ

1. മിത്രെദാത്ത് (പാർസി രാജാവായ കോരെശിന്റെ ഭണ്ഡാര വിചാരകൻ) :- എസ്രാ (1:8)

2. സൈത്ത് കൂദാശ (ഒന്നാം ശുശ്രൂഷ)

3. പരുമല തിരുമേനി. തിരുമേനി 1895-ൽ എഴുതിയ ഊർശ്ലേം യാത്രാവിവരണത്തിൽ നിന്ന്. മലയാളത്തിൽ അച്ചടിച്ച ആദ്യ യാത്രാവിവരണം ഇതാണ്.

4. മലങ്കരയുടെ അന്ത്യോഖ്യൻ ബന്ധത്തിന്റെ ലഭ്യമായതിൽ ഏറ്റവും പഴയ കൃത്യമായ രേഖയാണിത്. ഇതിൽ ആദ്യം എഴുതിയിരിക്കുന്ന പേര് കൊടുത്തിരിക്കുന്നത് ഇങ്ങനെയാണ് – കിഴക്കിന്റെയും ഇന്ത്യയുടെ, അതായത് പരിശുദ്ധനായ തോമാശ്ലീഹായുടെ സിംഹാസനത്തിന്റെയും കാതോലിക്കോസായ ബസേലിയോസ്.

5. ഈ വർഷങ്ങളിൽ എല്ലാം മലങ്കരസഭയിൽ പുതിയ ഭദ്രാസനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് (പുനഃക്രമീകരിച്ചിട്ടുണ്ട്)

ഓട്ടോറിക്ഷാ പ്രവർത്തകരും തണൽ മരങ്ങളും

കുറെ വർഷങ്ങളായി ശ്രദ്ധയിൽപെടുന്ന ഒരു കാര്യം ഇക്കഴിഞ്ഞ ഭൗമദിനത്തിലും മനസ്സിൽ ഉയർന്നു വന്നു. കേരളത്തിലെ വിവിധ നഗരങ്ങളിൽ കൂടി പോകുമ്പോൾ ഓട്ടോറിക്ഷകൾ യാത്രക്കാർക്കായി കാത്തു കിടക്കുന്ന വഴിയോരങ്ങളിൽ ബദാം മരങ്ങൾ തണൽ വിരിച്ചു നിൽക്കുന്നതു കാണാം. സിമന്റു കൊണ്ടുള്ള ഇഷ്ടിക പാകിയ റോഡിന്റെ ഇരുപുറങ്ങളും ചുട്ടവെയിലിൽ പഴുത്തു നിൽക്കുമ്പോൾ ഓട്ടോറിക്ഷകൾക്കു മുകളിൽ കുടവിരിച്ചു നിൽക്കുന്ന ഈ മരങ്ങൾ ചില വഴിയാത്രക്കാർക്കു കൂടി പ്രയോജനപ്പെടുന്നു. ഓട്ടോറിക്ഷക്കാരുടെ ഈ തണൽമരദൗത്യം അവരുടെ സ്വന്ത താല്പര്യത്തിലാണ് എന്നു വേണമെങ്കിൽ പറയാം. എന്നാൽ അത് പരിസ്ഥിതിക്കിണങ്ങുന്നതും അനേകം പേർക്ക് പ്രയോജനം നൽകുന്നതുമായ നല്ല മാതൃകയാണ്. ഇംഗ്ലീഷിൽ Enlightened self-interest എന്ന് ഒരു പ്രയോഗമുണ്ട്. സ്വന്ത കാര്യത്തിനാണെങ്കിലും അത് മറ്റുള്ളവർക്കും പ്രയോജനകരമായി തീരുന്നു. ശ്രീനാരായണ ഗുരുവിന്റെ പ്രസിദ്ധമായ വരികൾ ഓർക്കാം: "അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായി വരേണം." അതു തന്നെയാണല്ലോ സകല ദൈവിക കല്പനകളുടെയും സാരാംശമായി ക്രിസ്തുവും പഠിപ്പിച്ചത്. "നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരെയും സ്നേഹിക്കുക."

വലിയ ഷോപ്പിംഗ് കോമ്പ്ളക്സുകളുടെ വിശാലമായ മുൻ ഭാഗം 'കസ്റ്റമർ പാർക്കിംഗി'നു വേണ്ടി തിരിച്ചിട്ടിരിക്കുകയാണ്. അവിടെ വരുന്ന വണ്ടികളെല്ലാം വെയിലിൽ പഴുത്തുരുകി കിടക്കുന്നു. അവർക്കു വേണമെങ്കിൽ അവിടെ ബദാം മരം പോലെ അടിയിൽ പാർക്കിംഗും മുകളിൽ തണലും നൽകുന്ന വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാൻ സാധിക്കും. പക്ഷേ അവരാരും അത് ചെയ്യുന്നത് കണ്ടിട്ടില്ല.

എല്ലാ ഭൗമദിനങ്ങളിലും ലക്ഷക്കണക്കിനു മരങ്ങൾ വച്ചുപിടിപ്പിക്കുന്നു എന്ന് എല്ലാ മതസംഘടനകളും രാഷ്ട്രീയ യുവജനപ്രസ്ഥാനങ്ങളും സമ്മേളനം നടത്തി പ്രഖ്യാപിക്കുകയും അതിന്റെ ചിത്രമെടുത്ത് മാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഓട്ടോറിക്ഷാ ഡ്രൈവർമാർ നടത്തുന്ന ഈ നിശബ്ദ പാരിസ്ഥിതിക സ്നേഹം വലിയ കടകളും ബാങ്കുകളും സർക്കാർ മന്ദിരങ്ങളും ഷോപ്പിംഗ് മാളുകളും പിന്തുടർന്നാൽ എത്ര നന്നായിരുന്നു.

– കെ. എം. ജി.





മെത്രാപ്പൊലീത്ത സ്ഥാനത്തേക്ക് 6 പേരെ നാമനിർദേശം ചെയ്തു

നാല് മെത്രാപ്പൊലീത്തമാരെ തിരഞ്ഞെടുക്കും

കോട്ടയം: ഓർത്തഡോക്സ് സഭയിൽ 4 പുതിയ മെത്രാപ്പോലീത്തമാരെ തിരഞ്ഞെടുക്കാനായി 6 പേരുടെ പട്ടിക പ്രസിദ്ധപ്പെടുത്തി. കോട്ടയം പഴയസെമിനാരിയിൽ ചേർന്ന സഭാ മാനേജിങ് കമ്മിറ്റി യോഗമാണ് 6 പേരെ നാമനിർദേശം ചെയ്തത്.

എറണാകുളം കീഴില്ലം ഉദയഗിരി മാർ ഗ്രിഗോറിയോസ് പള്ളി വികാരി തോമസ് പോൾ റമ്പാൻ, ദേവലോകം അരമന മാനേജർ യാക്കോബ് തോമസ് റമ്പാൻ, കോട്ടയം സോഫിയ സെന്റർ പ്രോഗ്രാം സെക്രട്ടറി (ഇൻചാർജ്) ഫാ. അനീഷ് കെ. സാം, പരുമല സെമിനാരി മാനേജർ ഫാ. എ. എ. എൽദോസ്, കൊല്ലം ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ മാനേജർ ഫാ. സാംജി ടി. ജോർജ്, ഫിലഡൽഫിയ ബെൻസാലേം സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ഷിബു വേണാട് മത്തായി എന്നിവരെയാണ് നാമനിർദേശം ചെയ്തത്.

ഇന്ത്യയ്ക്കു പുറത്തുള്ള ഭദ്രാസനങ്ങളിലെ മാനേജിങ് കമ്മിറ്റി അംഗങ്ങൾ ഓൺലൈനായി പങ്കെടുത്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി.

27-നു മുളന്തുരുത്തിയിൽ സമ്മേളിക്കുന്ന, സഭയുടെ പാർലമെന്റായ മലങ്കര സുറിയാനി ക്രിസ്ത്യൻ അസോസിയേഷനാണ് പട്ടികയിൽനിന്നു 4 പേരെ തിരഞ്ഞെടുക്കേണ്ടത്. 30 ഭദ്രാസനങ്ങളിൽ നിന്നായി നാലായിരത്തിൽപരം പ്രതിനിധികൾ മുളന്തുരുത്തി വെട്ടിക്കൽ ദയറയിൽ നടക്കുന്ന മലങ്കര അസോസിയേഷനിൽ പങ്കെടുക്കും.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



ശമര്യാ സ്ത്രീ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



വി. യോഹന്നാൻ എഴുതിയ സുവിശേഷം 4:142-ൽ പരാമർശിക്കുന്ന ശമര്യാ സ്ത്രീ ബൈബിളിലെ ഏറ്റവും ശ്രദ്ധേയവും ചിന്തോദ്ദീപകവുമായ സ്ത്രീ കഥാപാത്രങ്ങളിൽ ഒരാളാണ്. യേശുക്രിസ്തുവിന്റെ ശുശ്രൂഷയിൽ നിർണായക സ്ഥാനമുള്ള ഈ സംഭവം, ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവികമായ ഒരു കൂടിക്കാഴ്ച എത്ര വലിയ മാറ്റം സൃഷ്ടിക്കുമെന്ന് വ്യക്തമാക്കുന്നു. യഹൂദന്മാരും ശമര്യക്കാരും തമ്മിൽ സാമൂഹികവും മതപരവുമായ അകൽച്ച നിലനിന്നിരുന്ന കാലത്താണ് യേശു എല്ലാ വേർതിരിവുകളും മറികടന്ന് ഈ സ്ത്രീയോട് സംസാരിച്ചത്. സമൂഹം വിലകൽപ്പിക്കാതിരുന്ന ഒരാളെ ദൈവം എത്രമാത്രം വിലമതിക്കുന്നുവെന്ന് ഈ സംഭവം വെളിപ്പെടുത്തുന്നു.

ശമര്യാ സ്ത്രീ വെള്ളം കോരാൻ കിണറ്റിനരികിൽ എത്തിയതായിരുന്നു. എന്നാൽ അവിടെ അവളെ കാത്തിരുന്നത് ഒരു സാധാരണ കൂടിക്കാഴ്ചയായിരുന്നില്ല. ജീവജലത്തിന്റെ ഉറവയായ യേശുക്രിസ്തുവിനെ കണ്ടുമുട്ടിയ ആ നിമിഷം അവളുടെ ജീവിതത്തിന് പുതിയ അർഥവും പുതിയ ദിശയും ലഭിച്ചു. അവളുടെ പഴയ ജീവിതത്തെക്കുറിച്ച് യേശു വെളിപ്പെടുത്തിയിട്ടും അവളെ കുറ്റപ്പെടുത്തുകയോ തള്ളിക്കളയുകയോ ചെയ്തില്ല. പകരം സ്നേഹത്തോടെയും കരുണയോടെയും അവളെ സത്യത്തിലേക്ക് നയിക്കുകയും നിത്യജീവന്റെ പ്രത്യാശ നൽകുകയും ചെയ്തു. ഈ അനുഭവം അവളുടെ മനസ്സിലും ജീവിതത്തിലും സമ്പൂർണമായ മാറ്റം ഉണ്ടാക്കി.

വിശ്വാസം, സത്യസന്ധത, വിനയം, ആത്മീയ അന്വേഷണം, മാനസാന്തരം, സാക്ഷ്യജീവിതം എന്നീ നിരവധി ഉത്തമഗുണങ്ങളുടെ സമന്വയമാണ് ഈ സ്ത്രീയുടെ ജീവിതം. യേശുവിനെ വ്യക്തിപരമായി തിരിച്ചറിഞ്ഞ അവൾ ആ അനുഭവം സ്വന്തം ജീവിതത്തിൽ മാത്രം ഒതുക്കിയില്ല; ഗ്രാമവാസികളോട് പങ്കുവയ്ക്കുകയും അനേകരെ യേശുവിലേക്ക് നയിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ശമര്യാ സ്ത്രീ ഒരു വ്യക്തിയുടെ ആത്മീയ പരിവർത്തനത്തിന്റെ മാതൃക മാത്രമല്ല, സുവിശേഷസാക്ഷ്യത്തിന്റെ മികച്ച ഉദാഹരണവുമാണ്. ഇന്നത്തെ വിശ്വാസജീവിതത്തിലും സത്യം സ്വീകരിക്കാനും ക്രിസ്തുവിൽ വിശ്വസിക്കാനും മറ്റുള്ളവരെ ദൈവസന്നിധിയിലേക്ക് നയിക്കാനും അവളുടെ ജീവിതം ഓരോ വിശ്വാസിക്കും ശക്തമായ പ്രചോദനമാണ്.

1. സത്യം സ്വീകരിച്ച് ആത്മീയ വളർച്ച ആഗ്രഹിച്ച സ്ത്രീ

ശമര്യാ സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത സത്യം സ്വീകരിക്കാനുള്ള അവളുടെ ആത്മാർത്ഥമായ മനോഭാവമാണ്. യേശുക്രിസ്തു അവളോട് സംസാരിച്ചപ്പോൾ അവളുടെ ജീവിതത്തിലെ മറച്ചുവച്ച യാഥാർഥ്യങ്ങൾ വ്യക്തമായി വെളിപ്പെടുത്തി. സാധാരണയായി ഒരാളുടെ തെറ്റുകളോ ജീവിതരഹസ്യങ്ങളോ മറ്റൊരാൾ ചൂണ്ടിക്കാണിക്കുമ്പോൾ അവയെ നിഷേധിക്കാനോ ന്യായീകരിക്കാനോ ശ്രമിക്കാറുണ്ട്. എന്നാൽ ശമര്യാ സ്ത്രീ അങ്ങനെ ചെയ്തില്ല. യേശുവിന്റെ വാക്കുകൾ സത്യമാണെന്ന് അവൾ തിരിച്ചറിഞ്ഞു. സ്വന്തം ജീവിതത്തെക്കുറിച്ചുള്ള യാഥാർഥ്യം വിനയത്തോടെ അംഗീകരിക്കുകയും സത്യത്തിന്റെ മുമ്പിൽ സ്വയം താഴ്ത്തുകയും ചെയ്തു. ഈ മനോഭാവമാണ് അവളുടെ ജീവിതപരിവർത്തനത്തിന്റെ ആദ്യപടിയായത്.

സത്യം അംഗീകരിക്കുന്നവർക്കു മാത്രമേ യഥാർഥ ആത്മീയ വളർച്ച സാധ്യമാകൂ. സ്വന്തം കുറവുകൾ തിരിച്ചറിയുകയും അവ തിരുത്താൻ തയ്യാറാകുകയും ചെയ്യുന്ന വ്യക്തിക്കാണ് ദൈവം പുതിയ വഴികൾ തുറന്നുകൊടുക്കുന്നത്. ശമര്യാ സ്ത്രീ ഈ സത്യം സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു. യേശുവിന്റെ മുമ്പിൽ അവൾ അഭിനയിച്ചില്ല; തന്റെ ജീവിതം മറച്ചുവയ്ക്കാനും ശ്രമിച്ചില്ല. സത്യസന്ധമായ ഹൃദയത്തോടെയാണ് അവൾ യേശുവിന്റെ വചനങ്ങൾ സ്വീകരിച്ചത്. അതുകൊണ്ടുതന്നെ അവളുടെ ജീവിതത്തിൽ യഥാർഥമായ ആത്മീയ ഉണർവ് സംഭവിച്ചു.

സത്യം സ്വീകരിക്കുന്നതോടൊപ്പം ആത്മീയ കാര്യങ്ങളെക്കുറിച്ച് അറിയാനുള്ള ആഴമായ ആഗ്രഹവും അവൾ പ്രകടിപ്പിച്ചു. യേശുവിനോട് അവൾ യഥാർഥ ആരാധനയെക്കുറിച്ച് ചോദിച്ചു. ദൈവത്തെ ഏത് സ്ഥലത്താണ് ആരാധിക്കേണ്ടത് എന്ന ചോദ്യത്തിൽ ഒതുങ്ങാതെ, യഥാർഥ ആരാധനയുടെ അർഥം എന്താണെന്ന് അറിയാൻ അവൾ ആഗ്രഹിച്ചു. അതിന് മറുപടിയായി യേശു ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കേണ്ടതിന്റെ പ്രാധാന്യം പഠിപ്പിച്ചു. ഈ സംഭാഷണം അവളുടെ ആത്മീയ അന്വേഷണ മനോഭാവത്തെ വ്യക്തമാക്കുന്നു. ജീവിതത്തിലെ ഭൗതിക ആവശ്യങ്ങൾക്കപ്പുറം ആത്മാവിന്റെ ദാഹം ശമിപ്പിക്കുന്ന സത്യത്തെ അന്വേഷിച്ചവളായിരുന്നു അവൾ.

കൂടാതെ, മനസ്സിലാകാത്ത കാര്യങ്ങൾ ചോദിച്ചറിഞ്ഞ് പഠിക്കാനുള്ള വിനയവും അവൾക്കുണ്ടായിരുന്നു. യേശുവിന്റെ ഓരോ വാക്കുകളും ശ്രദ്ധയോടെ കേൾക്കുകയും സംശയങ്ങൾ തുറന്നുചോദിക്കുകയും ചെയ്തു. പഠിക്കാൻ തയ്യാറായ മനസ്സ് ആത്മീയ വളർച്ചയുടെ അനിവാര്യ ഘടകമാണ്.

അറിവുണ്ടെന്ന് നടിക്കുന്നതിനേക്കാൾ അറിവ് നേടാൻ ശ്രമിക്കുന്നവരാണ് യഥാർഥ ജ്ഞാനം പ്രാപിക്കുന്നത്. ഈ മനോഭാവം ശമര്യാ സ്ത്രീയിൽ വ്യക്തമായി കാണാം.

ശമര്യാ സ്ത്രീയുടെ ഈ സവിശേഷത ഇന്നത്തെ വിശ്വാസികൾക്കും വലിയ മാതൃകയാണ്. ദൈവവചനത്തിന്റെ മുമ്പിൽ വിനയത്തോടെ നിൽക്കുകയും സ്വന്തം ജീവിതത്തെ ആത്മപരിശോധനയ്ക്ക് വിധേയമാക്കുകയും സത്യം സ്വീകരിക്കുകയും ആത്മീയമായി വളരാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് ദൈവം പുതിയ ജീവിതം നൽകുന്നു. സത്യത്തെ സ്വീകരിക്കാനുള്ള ധൈര്യവും ദൈവത്തെ കൂടുതൽ അറിയാനുള്ള ആഗ്രഹവും ആത്മീയ പക്വതയിലേക്കുള്ള വഴിയാണെന്ന് ശമര്യാ സ്ത്രീയുടെ ജീവിതം നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു.

2. യേശുവിൽ വിശ്വസിച്ച് ജീവിതം മാറ്റപ്പെട്ട സ്ത്രീ

ശമര്യാ സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹം യേശുക്രിസ്തുവിനെ നേരിൽ കണ്ടുമുട്ടാൻ കഴിഞ്ഞതായിരുന്നു. ആദ്യം അവൾ യേശുവിനെ ഒരു സാധാരണ യഹൂദനായി മാത്രമാണ് കണ്ടത്. എന്നാൽ യേശുവുമായുള്ള സംഭാഷണം തുടരുമ്പോൾ അവന്റെ വാക്കുകളിലെ ജ്ഞാനവും സ്നേഹവും കരുണയും അവളെ അദ്ഭുതപ്പെടുത്തി. തന്റെ ജീവിതത്തിലെ മറ്റാർക്കും അറിയാത്ത കാര്യങ്ങൾ യേശു പറഞ്ഞപ്പോൾ അവൾ അവനെ ഒരു പ്രവാചകനാണെന്ന് വിശ്വസിച്ചു. പിന്നീട് യേശു താനാണ് മിശിഹാ എന്ന് വെളിപ്പെടുത്തിയപ്പോൾ അവൾ അത് പൂർണഹൃദയത്തോടെ സ്വീകരിച്ചു. ഇങ്ങനെ സംശയത്തിൽ നിന്ന് വിശ്വാസത്തിലേക്കും കൗതുകത്തിൽ നിന്ന് ഉറച്ച ബോധ്യത്തിലേക്കും അവളുടെ ആത്മീയ യാത്ര വളർന്നു.

യേശുവിലുള്ള വിശ്വാസം അവളുടെ ജീവിതത്തിൽ വലിയ മാറ്റം സൃഷ്ടിച്ചു. മുമ്പ് സ്വന്തം ജീവിതത്തിലെ പ്രശ്നങ്ങളും നിരാശകളും മാത്രം ചിന്തിച്ചിരുന്ന അവൾക്ക് യേശുവിനെ കണ്ടുമുട്ടിയതോടെ പുതിയ പ്രത്യാശ ലഭിച്ചു. അവളുടെ മനസ്സിലുണ്ടായിരുന്ന ഭയവും ശൂന്യതയും സങ്കടവും ക്രമേണ മാറി. അതിന്റെ സ്ഥാനത്ത് സമാധാനവും സന്തോഷവും ആത്മവിശ്വാസവും നിറഞ്ഞു. മനുഷ്യന്റെ ജീവിതത്തിൽ യഥാർഥ മാറ്റം വരുത്താൻ കഴിയുന്നത് യേശുക്രിസ്തുവിനാണെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

ശമര്യാ സ്ത്രീയുടെ വിശ്വാസം വാക്കുകളിൽ മാത്രം ഒതുങ്ങിയില്ല; അത് അവളുടെ പ്രവൃത്തികളിലും പ്രകടമായി. വെള്ളം കോരാനായി വന്ന അവൾ തന്റെ വെള്ളപ്പാത്രം കിണറിനരികെ വച്ചിട്ട് ഗ്രാമത്തിലേക്ക് ഓടി. അവൾക്ക് ഇനി ഏറ്റവും പ്രധാനപ്പെട്ടത് വെള്ളമല്ല, യേശുവിനെക്കുറിച്ചുള്ള സുവിശേഷമായിരുന്നു. ക്രിസ്തുവിനെ കണ്ടുമുട്ടിയ സന്തോഷം അവളുടെ പഴയ ചിന്തകളെയും ജീവിതത്തിന്റെ മുൻഗണനകളെയും പൂർണമായി മാറ്റിമറിച്ചു. യേശുവിനെക്കുറിച്ചുള്ള സന്തോഷവാർത്ത മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്ന ആഗ്രഹമാണ് അവളെ ഗ്രാമത്തിലേക്ക് ഓടാൻ പ്രേരിപ്പിച്ചത്.

യേശുവിൽ വിശ്വസിച്ചതിലൂടെ അവൾക്ക് പുതിയ ജീവിതം ലഭിച്ചു. മുമ്പ് സമൂഹത്തിന്റെ അവഗണനയും വ്യക്തിപരമായ പരാജയങ്ങളും അവളെ തളർത്തിയിരുന്നെങ്കിലും, യേശുവിന്റെ സ്നേഹവും ക്ഷമയും അവൾക്ക് പുതിയ ആത്മവിശ്വാസം നൽകി. തന്റെ ഭൂതകാലത്തെക്കുറിച്ചുള്ള കുറ്റബോധത്തിൽ നിന്ന് അവൾ മോചിതയായി. ദൈവകൃപയിൽ അവൾ ഒരു പുതിയ വ്യക്തിയായി മാറി. ദൈവത്തിന്റെ സ്നേഹവും ക്ഷമയും ഏത് മനുഷ്യന്റെയും ജീവിതം പുതുക്കാൻ കഴിയുമെന്ന് അവളുടെ ജീവിതം തെളിയിക്കുന്നു.

ശമര്യാ സ്ത്രീയുടെ അനുഭവം ഇന്നും എല്ലാ വിശ്വാസികൾക്കും വലിയ പ്രത്യാശ നൽകുന്നതാണ്. യേശുക്രിസ്തുവിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ഓരോ വ്യക്തിക്കും പഴയ ജീവിതത്തിൽ നിന്ന് പുതിയ ജീവിതത്തിലേക്ക് കടക്കാൻ കഴിയും. അവനിലുള്ള വിശ്വാസം പാപത്തിൽ നിന്ന് മോചനത്തിലേക്കും നിരാശയിൽ നിന്ന് പ്രത്യാശയിലേക്കും ആത്മീയ ശൂന്യതയിൽ നിന്ന് നിത്യജീവന്റെ സന്തോഷത്തിലേക്കും മനുഷ്യനെ നയിക്കുന്നു. അതുകൊണ്ടുതന്നെ ശമര്യാ സ്ത്രീയുടെ ജീവിതം, യേശുവിലുള്ള യഥാർഥ വിശ്വാസം മനുഷ്യനെ സമ്പൂർണമായി മാറ്റിമറിക്കുന്ന ദൈവിക ശക്തിയാണെന്നതിന്റെ ഉജ്ജ്വല സാക്ഷ്യമായി ഇന്നും നിലകൊള്ളുന്നു

3. ധൈര്യത്തോടെ സാക്ഷ്യം പറഞ്ഞ സ്ത്രീ

ശമര്യാ സ്ത്രീ യേശുക്രിസ്തുവിനെ നേരിൽ കണ്ടുമുട്ടിയ അനുഭവം സ്വന്തം ഹൃദയത്തിൽ മാത്രം ഒതുക്കിവച്ചില്ല. ജീവിതത്തെ പൂർണമായി മാറ്റിമറിച്ച ആ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്ന ശക്തമായ ആഗ്രഹം അവളിൽ ഉടലെടുത്തു. അതുകൊണ്ടുതന്നെ അവൾ വെള്ളം കോരാൻ കൊണ്ടുവന്ന വെള്ളപ്പാത്രം കിണറ്റിങ്കൽ ഉപേക്ഷിച്ച് ഉടൻ തന്നെ ഗ്രാമത്തിലേക്ക് ഓടിച്ചെന്നു. അവളുടെ ഈ പ്രവൃത്തി യേശുവിനെ കണ്ടെത്തിയ സന്തോഷം ലോകത്തിലെ മറ്റെല്ലാ കാര്യങ്ങളേക്കാളും വിലപ്പെട്ടതാണെന്ന് വ്യക്തമാക്കുന്നു. മുമ്പ് ജനങ്ങളെ ഒഴിവാക്കി ജീവിച്ചിരുന്ന സ്ത്രീ ഇപ്പോൾ അതേ ജനങ്ങളുടെ നടുവിലേക്ക് ധൈര്യത്തോടെ കടന്നുചെന്ന് തന്റെ അനുഭവം തുറന്നുപറഞ്ഞു.

അവൾ ഗ്രാമവാസികളോട്, 'ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമിൻ; അവൻ പക്ഷേ ക്രിസ്തുവായിരിക്കുമോ?' എന്ന ചോദ്യരൂപത്തിലുള്ള സാക്ഷ്യം പങ്കുവെച്ചു. തന്റെ പഴയ പാപജീവിതം മറച്ചുവയ്ക്കാനോ നിഷേധിക്കാനോ അവൾ ശ്രമിച്ചില്ല. മറിച്ച്, തന്റെ ജീവിതത്തിന്റെ യഥാർത്ഥ അവസ്ഥ അറിയുകയും അതിനിടയിലും തന്നെ സ്നേഹത്തോടെ സ്വീകരിക്കുകയും ചെയ്ത യേശുവിനെക്കുറിച്ചാണ് അവൾ ജനങ്ങളോട് പറഞ്ഞത്. അതിലൂടെ സ്വന്തം ബലഹീനതകളെക്കാൾ ദൈവത്തിന്റെ കൃപയാണ് വലുതെന്ന് അവൾ തെളിയിച്ചു. യഥാർത്ഥ സാക്ഷ്യം സ്വന്തം മഹത്വത്തെക്കുറിച്ചല്ല, ക്രിസ്തു ജീവിതത്തിൽ ചെയ്ത പ്രവർത്തികളെക്കുറിച്ചാണെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

അവളുടെ ധൈര്യപൂർണമായ സാക്ഷ്യം വെറുതെയായില്ല. അവളുടെ വാക്കുകൾ കേട്ട് അനേകം ഗ്രാമവാസികൾ യേശുവിന്റെ അടുക്കലേക്ക് വന്നു. പിന്നീട് അവർ യേശുവിന്റെ വചനങ്ങൾ നേരിട്ട് കേട്ട്, അവൻ ലോകത്തിന്റെ രക്ഷകനാണെന്ന് വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്തു. ഒരു സ്ത്രീയുടെ ആത്മാർത്ഥമായ സാക്ഷ്യം ഒരു ഗ്രാമത്തിന്റെ ആത്മീയ ഉണർവിന് കാരണമായത് സുവിശേഷത്തിന്റെ ശക്തിയെ വെളിപ്പെടുത്തുന്നു. ദൈവം തന്റെ രാജ്യത്തിന്റെ വളർച്ചയ്ക്കായി സാധാരണക്കാരെയും ഉപയോഗിക്കുന്നുവെന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് ഇത്.

ഇന്നത്തെ വിശ്വാസികൾക്കും ശമര്യാ സ്ത്രീയുടെ ജീവിതം വലിയ മാതൃകയാണ്. യേശുക്രിസ്തുവിനെ വ്യക്തിപരമായി അറിഞ്ഞവൻ ആ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ മടിക്കരുത്. സുവിശേഷം പ്രസംഗിക്കുക എന്നത് പ്രസംഗകരുടെ മാത്രം ഉത്തരവാദിത്വമല്ല; ക്രിസ്തുവിനെ അനുഭവിച്ച ഓരോ വിശ്വാസിയുടെയും കടമയാണ്. കുടുംബത്തിലും സമൂഹത്തിലും ജോലി സ്ഥലത്തിലും പഠനസ്ഥാപനങ്ങളിലുമെല്ലാം വാക്കുകളിലൂടെയും ജീവിത സാക്ഷ്യത്തിലൂടെയും ക്രിസ്തുവിനെ അറിയിക്കേണ്ട ഉത്തരവാദിത്വം ഓരോ ക്രിസ്ത്യാനിക്കും ഉണ്ട്. അതിനാൽ, ശമര്യാ സ്ത്രീയെപ്പോലെ ധൈര്യത്തോടെയും ആത്മാർത്ഥതയോടെയും ക്രിസ്തുവിനെ സാക്ഷീകരിക്കുന്ന ജീവിതമാണ് ഓരോ വിശ്വാസിയും നയിക്കേണ്ടത്.

4. അനേകരെ ക്രിസ്തുവിങ്കലേക്ക് നയിച്ച സ്ത്രീ

ശമര്യാ സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ സവിശേഷതകളിലൊന്ന് അനേകരെ യേശുക്രിസ്തുവിങ്കലേക്ക് നയിച്ച ഒരു ആത്മാർത്ഥ സാക്ഷിയായി അവൾ മാറിയതാണ്. യേശുവുമായുള്ള വ്യക്തിപരമായ കൂടിക്കാഴ്ച അവളുടെ ജീവിതത്തെ പൂർണമായും മാറ്റിമറിച്ചു. ആ മാറ്റം അവളുടെ ഹൃദയത്തിൽ ഒതുങ്ങിനിന്നില്ല; അത് മറ്റുള്ളവരിലേക്കും പകർന്നുനൽകണമെന്ന ശക്തമായ ആഗ്രഹമായി വളർന്നു. യേശുവിനെക്കുറിച്ചുള്ള സന്തോഷവാർത്ത അവൾ ഗ്രാമവാസികളുമായി പങ്കുവെച്ചപ്പോൾ, അവളുടെ ജീവിതത്തിലെ യഥാർത്ഥ മാറ്റം അവളുടെ വാക്കുകൾക്ക് വിശ്വാസ്യത നൽകി. അതിനാൽ അവളുടെ സാക്ഷ്യം കേട്ടവർ അതിനെ നിസ്സാരമായി തള്ളിക്കളയാതെ യേശുവിനെ നേരിൽ കാണാൻ തയ്യാറായി.

അവൾ പറഞ്ഞ സാക്ഷ്യം ഒരു വലിയ ആത്മീയ ഉണർവിന് തുടക്കമായി. ഗ്രാമത്തിലെ അനേകർ യേശുവിന്റെ അടുക്കലേക്ക് വന്ന് അവന്റെ വചനങ്ങൾ ശ്രദ്ധയോടെ കേട്ടു. അവർ യേശുവിനോടൊപ്പം സമയം ചെലവഴിക്കുകയും അവന്റെ ഉപദേശങ്ങൾ നേരിട്ട് അനുഭവിക്കുകയും ചെയ്തപ്പോൾ, അവനാണ് മിശിഹായെന്നും ലോകത്തിന്റെ രക്ഷകനെന്നും വിശ്വസിച്ചു. ആദ്യം സ്ത്രീയുടെ സാക്ഷ്യം കേട്ടാണ് അവർ വന്നത്; എന്നാൽ പിന്നീട് യേശുവിന്റെ വചനങ്ങൾ കേട്ടശേഷം സ്വന്തം വിശ്വാസത്തിൽ ഉറച്ചുനിന്നു. വ്യക്തിപരമായ സാക്ഷ്യം മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്ക് എത്തിക്കുന്ന ഒരു പാലമാണെന്നും, യഥാർത്ഥ വിശ്വാസം ക്രിസ്തുവിനെ നേരിട്ട് അറിയുന്നതിലൂടെ വളരുന്നതാണെന്നും ഈ സംഭവം വ്യക്തമാക്കുന്നു.

ഈ സംഭവത്തിലൂടെ ദൈവം തന്റെ രാജ്യത്തിന്റെ പ്രവർത്തനത്തിനായി സമൂഹത്തിൽ അവഗണിക്കപ്പെട്ടവരെയും സാധാരണക്കാരെയും ഉപയോഗിക്കുന്നുവെന്ന വലിയ സത്യം വെളിപ്പെടുന്നു. സമൂഹത്തിൽ വലിയ സ്ഥാനമോ സ്വാധീനമോ വിദ്യാഭ്യാസമോ ഇല്ലാതിരുന്ന ഒരു സ്ത്രീയെയാണ് ദൈവം ഒരു ഗ്രാമത്തിന്റെ ആത്മീയ ഉണർവിന് കാരണക്കാരിയാക്കിയത്. മനുഷ്യർ അയോഗ്യരെന്ന് കരുതുന്നവരെപ്പോലും ദൈവം തന്റെ മഹത്വത്തിനായി ശക്തമായി ഉപയോഗിക്കുമെന്നത് ഈ സ്ത്രീയുടെ ജീവിതത്തിലൂടെ തെളിയിക്കുന്നു. ദൈവം മനുഷ്യന്റെ ബാഹ്യയോഗ്യതകളല്ല, ആത്മാർത്ഥമായ ഹൃദയവും അനുസരണവുമാണ് നോക്കുന്നത്.

ഇന്നത്തെ ക്രിസ്തീയ ജീവിതത്തിനും ശമര്യാ സ്ത്രീയുടെ സാക്ഷ്യം വലിയ വെല്ലുവിളിയും പ്രചോദനവുമാണ്. ഒരു വിശ്വാസിയുടെ ജീവിതം സ്വന്തം രക്ഷയിൽ മാത്രം ഒതുങ്ങരുത്; മറ്റുള്ളവരെയും ക്രിസ്തുവിങ്കലേക്ക് നയിക്കുന്ന ഒരു ദൗത്യമായി അത് മാറണം. നമ്മുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും സ്നേഹത്തിലൂടെയും വിശുദ്ധജീവിതത്തിലൂടെയും യേശുവിന്റെ സ്നേഹം മറ്റുള്ളവരിലേക്ക് എത്തിക്കേണ്ട ഉത്തരവാദിത്വം ഓരോ വിശ്വാസിക്കുമുണ്ട്. ഒരു ചെറിയ സാക്ഷ്യം പോലും ഒരാളുടെ ജീവിതത്തെ മാറ്റുകയും ഒരു കുടുംബത്തെയും സമൂഹത്തെയും ആത്മീയമായി ഉണർത്തുകയും ചെയ്യാൻ ദൈവത്തിന് കഴിയും. അതുകൊണ്ട്, ശമര്യാ സ്ത്രീയെപ്പോലെ ക്രിസ്തുവിനെ ധൈര്യത്തോടെയും ആത്മാർത്ഥതയോടെയും മറ്റുള്ളവർക്ക് പരിചയപ്പെടുത്തുന്ന സാക്ഷികളായി ജീവിക്കുവാൻ ഓരോ വിശ്വാസിയും പരിശ്രമിക്കണം. അത്തരം ജീവിതമാണ് ദൈവനാമത്തെ മഹത്വപ്പെടുത്തുകയും അനേകരെ രക്ഷയുടെ വഴിയിലേക്ക് നയിക്കുകയും ചെയ്യുന്നത്.

ശമര്യാ സ്ത്രീയുടെ ജീവിതം വിശ്വാസത്തിന്റെയും മാനസാന്തരത്തിന്റെയും സത്യസന്ധതയുടെയും ധൈര്യപൂർണമായ സാക്ഷ്യജീവിതത്തിന്റെയും അനശ്വര മാതൃകയാണ്. സമൂഹത്തിൽ അവഗണിക്കപ്പെട്ടതും പാപിനിയെന്ന മുദ്ര ചാർത്തപ്പെട്ടതുമായ ഒരു സ്ത്രീയെ യേശുക്രിസ്തു സ്നേഹത്തോടെയും കരുണയോടെയും സമീപിച്ചതിലൂടെ ദൈവസ്നേഹത്തിന്റെ ആഴവും വിശാലതയും വെളിപ്പെടുന്നു. അവളുടെ ഭൂതകാലത്തെ കുറ്റപ്പെടുത്തുകയോ തള്ളിക്കളയുകയോ ചെയ്യാതെ, അവളുടെ ആത്മീയ ദാഹത്തിന് ഉത്തരം നൽകുകയും നിത്യജീവന്റെ ഉറവയായ ജീവജലം അവൾക്ക് വാഗ്ദാനം ചെയ്യുകയും ചെയ്ത യേശു, അവളുടെ ജീവിതത്തെ സമ്പൂർണമായി രൂപാന്തരപ്പെടുത്തി. ആ ഒരു കൂടിക്കാഴ്ച അവളുടെ ചിന്തകളെയും വിശ്വാസത്തെയും ജീവിതലക്ഷ്യത്തെയും മാറ്റിമറിച്ചു.

യേശുവിനെ കണ്ടുമുട്ടിയ ഒരാളുടെ ജീവിതം എത്രത്തോളം നവീകരിക്കപ്പെടുമെന്ന് ശമര്യാ സ്ത്രീയുടെ അനുഭവം വ്യക്തമായി തെളിയിക്കുന്നു. ഒരിക്കൽ മനുഷ്യരെ ഒഴിവാക്കി ജീവിച്ചിരുന്ന അവൾ പിന്നീട് അതേ ജനങ്ങളുടെ മുമ്പിൽ ധൈര്യത്തോടെ ക്രിസ്തുവിനെ സാക്ഷീകരിക്കുന്നവളായി മാറി. ഒരിക്കൽ ലജ്ജയും നിരാശയും നിറഞ്ഞിരുന്ന അവളുടെ ജീവിതം പിന്നീട് പ്രത്യാശയും സന്തോഷവും നിറഞ്ഞ സുവിശേഷസാക്ഷ്യമായി മാറി. അവളുടെ സാക്ഷ്യം ഒരു വ്യക്തിപരമായ അനുഭവമായി മാത്രം ഒതുങ്ങിയില്ല; അത് ഒരു ഗ്രാമത്തിന്റെ ആത്മീയ ഉണർവിന് കാരണമായി. ഇതിലൂടെ ഒരാളുടെ യഥാർത്ഥ വിശ്വാസവും ആത്മാർത്ഥമായ സാക്ഷ്യവും അനേകരുടെ ജീവിതത്തെ ദൈവത്തിലേക്ക് നയിക്കാൻ ശക്തമായ ഉപാധിയാകാമെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

ഇന്നത്തെ ലോകത്തും ശമര്യാ സ്ത്രീയുടെ ജീവിതം ഓരോ വിശ്വാസിക്കും വിലപ്പെട്ട സന്ദേശം നൽകുന്നു. സത്യം വിനയത്തോടെ സ്വീകരിക്കാനും സ്വന്തം കുറവുകൾ തിരിച്ചറിഞ്ഞ് മാനസാന്തരപ്പെടാനും, ദൈവവചനത്തിൽ ഉറച്ച വിശ്വാസം വളർത്താനും, ജീവിതത്തിലൂടെ ക്രിസ്തുവിനെ മഹത്വപ്പെടുത്താനും അവളുടെ മാതൃക നമ്മെ പ്രചോദിപ്പിക്കുന്നു. വിശ്വാസം ആരാധനാലയങ്ങളിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല; അത് കുടുംബത്തിലും സമൂഹത്തിലും ജോലിസ്ഥലത്തിലും വിദ്യാഭ്യാസരംഗത്തും എല്ലായിടത്തും പ്രകടമാകേണ്ട ജീവിതസാക്ഷ്യമാണ്. ക്രിസ്തുവിനെ യഥാർത്ഥമായി അനുഭവിച്ച ഒരാൾക്ക് ആ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കാതിരിക്കാനാവില്ല എന്ന സത്യം അവളുടെ ജീവിതം വ്യക്തമാക്കുന്നു.

അതുകൊണ്ട്, ശമര്യാ സ്ത്രീയുടെ ജീവിതം ഒരു ചരിത്രസംഭവം മാത്രമല്ല; എല്ലാ കാലഘട്ടങ്ങളിലുമുള്ള വിശ്വാസികൾക്ക് വഴികാട്ടുന്ന ആത്മീയപാഠമാണ്. ദൈവം മനുഷ്യന്റെ ഭൂതകാലമോ സാമൂഹികപദവിയോ നോക്കാതെ, അവന്റെ ഹൃദയത്തെയും വിശ്വാസത്തെയും കാണുന്നവനാണെന്നും, ആത്മാർത്ഥമായി അവനിലേക്ക് വരുന്ന ഏവരെയും സ്വീകരിച്ച് തന്റെ രാജ്യത്തിന്റെ മഹത്തായ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നവനാണെന്നും ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനാൽ, ശമര്യാ സ്ത്രീയെപ്പോലെ സത്യത്തെ സ്വീകരിക്കുന്നവരും ദൈവത്തിൽ ഉറച്ചുനിൽക്കുന്നവരും ക്രിസ്തുവിനെ ധൈര്യത്തോടെ സാക്ഷീകരിക്കുന്നവരും അനേകരെ ദൈവസന്നിധിയിലേക്ക് നയിക്കുന്നവരുമാകുവാൻ ഓരോ വിശ്വാസിയും പരിശ്രമിക്കേണ്ടതാണ്. അത്തരം ജീവിതമാണ് ദൈവത്തെ മഹത്വപ്പെടുത്തുന്നതും സമൂഹത്തിൽ ആത്മീയ നവോത്ഥാനത്തിന് വഴിയൊരുക്കുന്നതും.



പ്രളയബാധിതർക്ക് ആശ്വാസമായി പരുമല ആശുപത്രി

പരുമല: പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക് സാന്ത്വനമേകാൻ പരുമല ആശുപത്രിയുടെ നേതൃത്വത്തിൽ ആതുരസേവന പ്രവർത്തനങ്ങൾ നടത്തി. വെള്ളപ്പൊക്കത്തെത്തുടർന്ന് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ആവശ്യമായ വൈദ്യസഹായം എത്തിക്കുന്നതിനായി ആശുപത്രിയിലെ വിദഗ്ധ ഡോക്ടർമാരുടെ സംഘം നിരണം, കടപ്ര, മാന്നാർ, ചെന്നിത്തല, പാണ്ടനാട് എന്നീ അഞ്ച് പഞ്ചായത്തുകളിലെ ക്യാമ്പുകൾ സന്ദർശിച്ചു. ക്യാമ്പുകളിൽ ഉള്ളവർക്ക് സൗജന്യ മരുന്നുകളും ചികിത്സയും നൽകി.



ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ഭക്ഷ്യസാധനങ്ങൾ എത്തിച്ചുനൽകി

തിരുവല്ല: കോട്ടയം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലും, ഡോ. യൂഹാനോൻ മാർ ദിയസ്കോറോസിന്റെ നിർദേശപ്രകാരവും തിരുവല്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അരി, കുടിവെള്ളം, ഭക്ഷ്യസാധനങ്ങൾ എന്നിവ എത്തിച്ചുനൽകി. തിരുവല്ല എം.എൽ.എ. വർഗീസ് മാമ്മൻ, മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിനും പ്രവർത്തകർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു.

കൂടാരപ്പെരുന്നാളിന് ശേഷം ഒന്നാം ഞായർ

(വി. മത്തായി 21: 28-32)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



ഒരു ഉപമ എന്നതിനേക്കാൾ ഉപരി ഒരു കണ്ണാടി എന്നവണ്ണം അന്നത്തെ സമകാലീന ജീവിതത്തെ കർത്താവ് തുറന്നുകാട്ടുന്ന ഒരു സാഹചര്യമാണ് ഇന്നത്തെ പ്രതിപാദ്യം. സ്വന്തമായി മുന്തിരിത്തോട്ടം ഉള്ള ഒരു പിതാവ് തൻറെ മക്കളെ തന്റെ തോട്ടത്തിൽ അധ്വാനിക്കുവാനായി ക്ഷണിക്കുമ്പോൾ അതിനോട് ഉള്ള അവരുടെ പ്രതികരണം വ്യത്യസ്തമാണ്. അധരം കൊണ്ട് പ്രീതിപ്പെടുത്തുകയാണോ പ്രവർത്തികൊണ്ട് പ്രീതിപ്പെടുത്തുകയാണോ ഉത്തമമായത് എന്നാണ് കർത്താവിൻറെ ചോദ്യം.

കാപട്യമില്ലാത്ത ആത്മീയത

ഈ വേദഭാഗത്തിലെ രണ്ട് മക്കൾ രണ്ടുതരം മനുഷ്യരുടെ പ്രതിനിധികളാണ്. ആദ്യത്തേത് വിശ്വാസികൾ എന്ന് നടിച്ച് ജീവിക്കുന്നവരാണ്. വേദഭാഗത്ത് കർത്താവ് പ്രതിപാദിക്കുന്ന മഹാ പുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും ഇതിന്റെ ഉദാഹരണങ്ങളാണ്. ആധുനിക ആത്മീയ മണ്ഡലങ്ങളിലും ഇത്തരം ആളുകളെ നമുക്ക് കാണാം. ഈ കൂട്ടർ അധരം കൊണ്ട് വിശ്വാസം ഏറ്റു പറയുന്നവരാണ്. എന്നാൽ അവരുടെ വിശ്വാസം വാക്കുകളിൽ മാത്രമാണ്. പ്രവർത്തികൾ വഴി അവരുടെ വിശ്വാസത്തെ പ്രയോഗവൽക്കരിക്കുവാൻ അവർക്ക് സാധിക്കുന്നില്ല. വിശ്വാസത്തെക്കുറിച്ച് വാചാലരാകുവാനും സകലയിടങ്ങളിലും അഭിപ്രായങ്ങൾ നൽകുവാനും ഒരുക്കമുള്ള ഇവർ സ്വന്തം ജീവിതത്തിൽ അതിനെ പ്രാവർത്തികമാക്കുവാൻ ചെറുവിരൽ പോലും അനക്കാറില്ല. യാക്കോബ് ശ്ലീഹാ ഓർപ്പിക്കുന്നു. 'പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം നിർജീവമാണ് (2:17)


രണ്ടാമത്തെ വിഭാഗം പുറമേ ഭക്തരെന്നോ വിശ്വാസികൾ എന്നോ പുകഴുന്നവരല്ല. എന്നാൽ തങ്ങളുടെ പ്രവർത്തികൾ അവരെ നീതീകരിക്കുന്നുണ്ട്. തങ്ങളുടെ ജീവിതം വഴി അവർ വിശ്വാസത്തിന് മാതൃകകളും സാക്ഷികളും ആകുന്നു. കർത്താവേ കർത്താവേ എന്ന് വിളിക്കുന്നവൻ അല്ല സ്വർഗ്ഗസ്ഥനായ പിതാവിൻറെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് സ്വർഗ്ഗരാജ്യത്തിന് അവകാശിയായി തീരുക (മത്തായി 7:21). നല്ല ശമരിയക്കാരന്റെ ഉപമയിലെ പുരോഹിതനും ലേവ്യനും ആത്മീയർ എന്ന മുദ്രയോടെ ജീവിക്കുന്നവരാണ്. എന്നാൽ യഥാർത്ഥ ആത്മീയ ജീവിതത്തിൻറെ ഉടമ അത്രയൊന്നും പ്രാമുഖ്യം ഇല്ലാത്ത ശമരിയക്കാരൻ ആയിരുന്നു. ആത്മീയതയുടെ സുതാര്യതയാണ് ഈ വേദഭാഗത്തിന്റെ കാതൽ. വിശ്വാസം പ്രയോഗവൽക്കരിക്കുമ്പോൾ ആണ് നാം ദൈവസന്നിധിയിൽ മൂല്യമുള്ളവർ ആകുന്നത്.

സമയത്തിന്റെ ശരിയായ വിനിയോഗം

സമയത്തിന്റെ ശരിയായ വിനിയോഗം ആത്മീയ നിഷ്ഠയുടെ ലക്ഷണം കൂടിയാണ്. സമയം തക്കത്തിൽ ഉപയോഗിക്കുക എന്നത് കർത്താവ് ആവർത്തിച്ചു പറയുന്ന ആദർശങ്ങളിൽ ഒന്നാണ്. അനുതപിക്കുവാനും പരിവർത്തനപ്പെടുവാനുമുള്ള സമയം കഴിഞ്ഞു പോയില്ല എന്ന ബോധ്യത്തോടെ പിതൃ ബോധത്തിലേക്ക് തിരികെ വരുന്ന ഒന്നാമത്തെ മകനും ഇനിയും ഏറെ സമയം ഉണ്ട് എന്ന് കരുതി നീട്ടിവെക്കുന്ന രണ്ടാമത്തെ മകനും നമ്മുടെയും മുൻപിലുള്ള സാധ്യതകളാണ്.

പിന്നീടാകട്ടെ എന്ന് കരുതി ആത്മീയതയുടെ അനുഭവങ്ങളെ നീട്ടിവെക്കുന്നത് നാശത്തിലേക്കുള്ള പ്രയാണം ആണെന്ന് നാം വിസ്മരിച്ചു പോകരുത്. ശ്ഹീമ നമസ്കാരത്തിൽ നാം ഇപ്രകാരം പാടുന്നു

"എൻ തപനം നാളേക്കേന്നോരോ ദിനവും ഞാൻ തീർപ്പുണ്ടാക്കും
കാലം പോകുന്നു പിഴ നില നിൽക്കുന്നു കൃപ ചെയ്യുക നാഥാ"




തകർന്ന ബന്ധങ്ങളോട് അനുരഞ്ജനപ്പെടുക, അശരണരെ സഹായിക്കുക, പ്രാർത്ഥനയിലും വേദവായനയിലും വളരുക, പശ്ചാത്താപത്തിന്റെ പാത തിരഞ്ഞെടുക്കുക തുടങ്ങിയ അടിസ്ഥാന ആത്മീയ അനുഭവങ്ങൾ യാതൊരു കാരണവശാലും പിന്നീട് ഒരു സമയത്തേക്ക് മാറ്റിവയ്ക്കരുത്. അർഹതയുണ്ടായിട്ടും അവകാശിയായിട്ടും പിതാവിന്റെ മുന്തിരിത്തോപ്പിൽ നിന്ന് പുറന്തള്ളപ്പെടുന്ന മക്കളായി നാം മാറുവാൻ സമയത്തിന്റെ ദുർവിനിയോഗം കാരണമായിത്തീരും.



പാമ്പാടി ദയറായിൽ പ്രവർത്തിക്കുന്ന അന്നദാനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ഉച്ച ഭക്ഷണ വിതരണം നടത്തി.

Church Calendar

The one who does the will of my Father enters the Kingdom of Heaven



First Sunday after the Feast of Transfiguration (St. Matthew 21:28–32)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

How beautiful it is to remain forever on the peak of the Mount of Transfiguration in the presence of Jesus, Moses, and Elijah. But far away in the valley below, there is a world of despair, disease, sorrow, death, and neglect. How can one blame the heart that desired to pitch tents and stay on the mountain peak, far away from all conflicts? However, true discipleship becomes complete only when the lessons acquired on the mountain top are brought into practical life in the valley. Anyone can live isolated from worldly thoughts. But when living in this world, our Christian life becomes complete based on how we handle the problems we face here. Waiting for Jesus and the disciples in the valley was not the quiet retreat of the mountain of vision, but the raw problems of human beings burning in the furnace of life's realities.

The Scripture reading portion for this week is St. Matthew the Apostle’s Gospel 21:28-32. The parable of two sons with different temperaments is described here. A man had two sons. The father went to the first son and said, “Son, go and work in the vineyard today.” “I will not,” he answered, but later he repented and went to the vineyard. He approached the second son and said the same thing. He answered, “I will go,” but he did not go. Which of the two did the will of his father? They said, “The first.” Then Jesus said to them, “Truly I tell you, the tax collectors and the prostitutes are entering the kingdom of God ahead of you. For John came to you to show you the way of righteousness, and you did not believe him, but the tax collectors and the prostitutes did. And even after you saw this, you did not repent and believe him.”

Lord Jesus explains the importance of repentance through this parable. God, who spoke long ago to our ancestors through the prophets at many times and in various ways, has in these last days spoken to us by His Son. Here, Jesus criticises the Jews who remained hard-hearted, failing to comprehend the things revealed by God through prophets across generations. The previous section mentioned how the Jewish leaders refused to accept John the Baptist. The Lord illustrates this once more through the Parable of the Two Sons. One son initially showed reluctance to obey his father, but later repented and obeyed. The next son created an impression that he was obedient, or that he valued his father's words, but he did not obey. The disobedient son represents the Jewish religious leaders. The obedient one represents the tax collectors and sinners who heard John the Baptist's preaching and repented.

Faith Without Works Is Dead

“They claim to know God, but by their actions they deny him” (Titus 1:16). The life of the Jewish religious leaders was not one that gave importance to the Word of God, other than creating an impression that they lived



according to it. They tried to bind all the laws upon the people. The son who said, “I will not,” symbolizes the tax collectors and prostitutes. These were people who publicly violated God’s commandments. Yet, deep inside their hearts, they were aware that they were wrongdoers and sinners. Therefore,

Awareness of Shortcomings Leads Us to Repentance

The teachings of John the Baptist were not contrary to the customs of the Law. John the Baptist only taught the laws that they took pride in accepting and practicing. Receiving them in their hearts, the tax collectors and sinners entered into repentance. Even after seeing this, the Jewish religious leaders became hard-hearted. This was because the thought inside them was: “Who is he to instruct us?” They thought, “We who have memorized all the commandments of the Law have no need to listen to him.” Here, although one son promised that he would obey and do the work, when it came down to action, he forgot everything. The other son, however, when he thought about it later, became aware of his mistake and showed the willingness to make corrections. When he understood his shortcomings, he entered into the experience of repentance. Even if the Lord’s purpose in telling a parable here is not explicitly stated, we get the idea from this that a person’s words and actions must be in harmony. Here, the Lord criticizes those who speak pretty words without putting them into practice. “Not everyone who says to me, ‘Lord, Lord,’ will enter the kingdom of heaven, but only the one who does the will of my Father in heaven” (St. Matthew 7:21). Our responsibility is to know the Father’s will and act with faithfulness. May we be able to become people who act with such a sense of responsibility.

❑

മറുപുറം

തൂവൽ

ഫാ. അജീഷ് ബാബു



ആകാശം കീഴടക്കുന്ന പൂർണ്ണ ആരോഗ്യമുള്ള പക്ഷികൾ മാത്രമല്ല, ചിറകിൽ മുറിവേറ്റിട്ടും പറക്കാൻ മറക്കാത്ത പക്ഷികളുടേതു കൂടിയാണ്. ചരിത്രം വിജയികളുടെ പേരുകൾ രേഖപ്പെടുത്തും. എന്നാൽ ജീവിതം ഓർക്കുന്നത് അതിജീവിച്ചവരെയാണ്. ആകാശം അളന്നവരേക്കാൾ, വീണിട്ടും വീണ്ടും ചിറകുവിരിച്ചവരാണ് മനുഷ്യരാശിയുടെ യഥാർത്ഥ ഗുരുക്കന്മാർ. പക്ഷി പറക്കുന്നത് അതിന്റെ ചിറകുകൊണ്ടാണ്. എന്നാൽ ആ പക്ഷിയെ ഓർമ്മിപ്പിക്കുന്നത് പലപ്പോഴും അതിന്റെ ഒരു കൊഴിഞ്ഞുവീണ തൂവലാണ്. തൂവൽ ഒരു സാധാരണ ഇഴയല്ല; അത് ഒരിക്കൽ ആകാശത്തെ സ്പർശിച്ച ഒരു ജീവിതത്തിന്റെ സാക്ഷ്യമാണ്. അതിന് പറക്കാനാവില്ല; പക്ഷേ പറക്കലിന്റെ ചരിത്രം അതിൽ പതിഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് തൂവൽ എന്ന പ്രതീകം എന്നെ എന്നും ആകർഷിക്കുന്നത്. അത് ശക്തിയുടെ പ്രതീകമല്ല; അതിജീവനത്തിന്റെ പ്രതീകമാണ്.

ജീവിക്കുന്നത് വിജയങ്ങളുടെ ലോകത്താണ്. ആരാണ് ഉയർന്നത്, ആരാണ് ജയിച്ചത്, ആരാണ് കൂടുതൽ സമ്പാദിച്ചത് ഇതാണ് നമ്മുടെ കാലത്തിന്റെ ചോദ്യങ്ങൾ. എന്നാൽ സാഹിത്യം മറ്റൊരു ചോദ്യം ചോദിക്കുന്നു: ആരാണ് മുറിവേറ്റിട്ടും സ്നേഹിക്കാൻ മറക്കാതിരുന്നത്? ആരാണ് തകർന്നിട്ടും മനുഷ്യനായി തുടരാൻ കഴിഞ്ഞത്? ഈ ചോദ്യത്തിനുള്ള ഉത്തരമാണ് തൂവൽ. സമൂഹം ചിറകുകൾ മുറിച്ചുകളയാൻ ശ്രമിക്കുന്നു, ശബ്ദത്തെ അടിച്ചമർത്തുന്നു. എന്നിട്ടും ചിലർ നിശ്ശബ്ദതയുടെ ഉള്ളിൽ നിന്ന് ഒരു പുതിയ ഭാഷ സൃഷ്ടിക്കുന്നു. അവർ ആകാശം പിടിച്ചടക്കാൻ ഇറങ്ങുന്നില്ല; സ്വന്തം ആകാശം തിരിച്ചുപിടിക്കാനാണ് പോരാടുന്നത്. അതുകൊണ്ട് അവരുടെ ജീവിതത്തിൽ കൊഴിഞ്ഞുവീഴുന്ന ഓരോ തൂവലും തോൽവിയുടെ അടയാളമല്ല; പ്രതിരോധത്തിന്റെ സാക്ഷ്യമാണ്.

ബെന്യാമിന്റെ നജീബ് മരുഭൂമിയിൽ ആടുകൾക്കിടയിൽ ജീവിക്കുമ്പോൾ അയാളിൽ നിന്ന് എല്ലാം കവർന്നെടുക്കപ്പെടുന്നു പേര്, സ്വാതന്ത്ര്യം, മനുഷ്യബന്ധങ്ങൾ, മാന്യത. പക്ഷേ അയാളിൽ നിന്ന് കവർന്നെടുക്കാൻ കഴിയാത്ത ഒരു തൂവൽ അവശേഷിക്കുന്നു പ്രതീക്ഷ. ആ പ്രതീക്ഷയാണ് ഒടുവിൽ അവനെ ജീവനോടെ നാട്ടിലെത്തിക്കുന്നത്. മനുഷ്യൻ അപ്പംകൊണ്ട് മാത്രം ജീവിക്കുന്നില്ല; ഉള്ളിൽ ഒളിപ്പിച്ചുവച്ച ഒരു തൂവൽ കൊണ്ടുകൂടിയാണ് ജീവിക്കുന്നത്. ലോകം ഏറ്റവും കൂടുതൽ മുറിവേൽപ്പിക്കുന്നത് ഏറ്റവും കൂടുതൽ സ്നേഹിക്കാൻ കഴിയുന്നവരെയാണെന്നതാണ്. പക്ഷേ സ്നേഹിച്ച മനുഷ്യൻ ഒരിക്കലും പൂർണ്ണമായി തോൽക്കുന്നില്ല. കാരണം സ്നേഹം ഒരു തൂവലാണ്. അത് വാളുപോലെ മുറിക്കില്ല; എന്നാൽ പാറപോലെയുള്ള ഹൃദയങ്ങളെയും മൃദുവാക്കും. ഗബ്രിയേൽ ഗാർസിയ മാർക്വസ്, ഓർമ്മകൾ ഒരിക്കലും മരിക്കില്ല എന്നതാണ്. ഒരു ഗ്രാമം മറന്നാലും ഒരു മണം, ഒരു മഴ, ഒരു പക്ഷി, ഒരു തൂവൽ ഇവ ചരിത്രത്തെ തിരികെ വിളിച്ചുകൊണ്ടുവരും. മനുഷ്യൻ തന്റെ ഭൂതകാലത്തെ ചുമക്കുന്നത് ചങ്ങലകളിലൂടെയല്ല, ഇത്തരം തൂവലുകളിലൂടെയാണ്. ഖാലിദ് ഹൊസൈനി യുദ്ധത്തെക്കുറിച്ച് എഴുതുമ്പോൾ യഥാർത്ഥത്തിൽ എഴുതുന്നത് മനുഷ്യഹൃദയത്തെക്കുറിച്ചാണ്. ബോംബുകൾ വീടുകൾ തകർക്കും; പക്ഷേ ഒരു അച്ഛന്റെ ഓർമ്മയെയോ ഒരു സുഹൃത്തിന്റെ വിശ്വസ്തതയെയോ ഒരു കുഞ്ഞിന്റെ പ്രതീക്ഷയെയോ നശിപ്പിക്കാനാവില്ല. അവ കാറ്റിൽ ഒഴുകുന്ന തൂവലുകളെപ്പോലെ മനുഷ്യനെ പിന്തുടരും.

മനുഷ്യനിൽ നിന്ന് എല്ലാം കവർന്നെടുക്കാം; പക്ഷേ ജീവിതത്തിന് അർത്ഥം നൽകാനുള്ള അവന്റെ സ്വാതന്ത്ര്യം കവർന്നെടുക്കാൻ കഴിയില്ല. ആ അർത്ഥമാണ് മനുഷ്യന്റെ അവസാനത്തെ തൂവൽ. അത് നഷ്ടപ്പെട്ടാൽ മാത്രമാണ് യഥാർത്ഥ തോൽവി സംഭവിക്കുന്നത്. ഒരുപക്ഷേ ദൈവം മനുഷ്യനെ സൃഷ്ടിക്കുമ്പോൾ പർവതത്തിന്റെ കാഠിന്യം നൽകിയില്ല; തൂവലിന്റെ മൃദുത്വമാണ് നൽകിയത്. അതുകൊണ്ടാണ് മനുഷ്യന് കരയാൻ കഴിയുന്നത്. ക്ഷമിക്കാൻ കഴിയുന്നത്. സ്നേഹിക്കാൻ കഴിയുന്നത്. മറ്റൊരാളുടെ വേദന സ്വന്തം ഹൃദയത്തിൽ വഹിക്കാൻ കഴിയുന്നത്. ലോകം ദൗർബല്യമെന്ന് വിളിക്കുന്ന ഈ മൃദുത്വമാണ് മനുഷ്യന്റെ ഏറ്റവും വലിയ ശക്തി. കരുത്തുള്ള മനുഷ്യരെ ധാരാളം കാണാം; എന്നാൽ മൃദുലഹൃദയമുള്ള മനുഷ്യരെ കുറവാണ്. ശബ്ദമുള്ള മനുഷ്യരെ കാണാം; നിശ്ശബ്ദമായി മറ്റൊരാളുടെ ജീവിതം താങ്ങുന്നവരെ കുറവാണ്. ഉയരത്തിൽ പറക്കുന്നവരെ കാണാം; വീണവനെ എഴുന്നേൽപ്പിക്കാൻ താഴേക്കിറങ്ങുന്നവരെ കുറവാണ്. അതുകൊണ്ടാണ് ഈ കാലത്തിന് കൂടുതൽ ശക്തരായ മനുഷ്യരല്ല വേണ്ടത്; കൂടുതൽ തൂവലുകളാണ് വേണ്ടത്. ഒരു തൂവൽ കാറ്റിനെ തോൽപ്പിക്കില്ല. എന്നാൽ കാറ്റിനൊപ്പം സഞ്ചരിക്കാൻ അതിന് അറിയാം. ജീവിതത്തിന്റെ മഹത്വവും അതുതന്നെയാണ്.

എല്ലാ കൊടുങ്കാറ്റുകളെയും ജയിക്കുന്നതിലല്ല മനുഷ്യന്റെ മഹത്വം; കൊടുങ്കാറ്റുകൾ കഴിഞ്ഞിട്ടും പറക്കാൻ മറക്കാതിരിക്കുന്നതിലാണ്. ഓർക്കുക നമ്മുടെ വിജയങ്ങൾകൊണ്ടാകില്ല. നമ്മുടെ പദവികൾകൊണ്ടാകില്ല. നമ്മുടെ സമ്പത്തുകൊണ്ടാകില്ല. ഒരാളുടെ തോളിൽ നാം വെച്ച കൈ, ഒരാളുടെ കണ്ണീരിൽ നാം നൽകിയ ആശ്വാസം, ഒരാളുടെ ഇരുട്ടിൽ നാം തെളിച്ച ചെറിയ വെളിച്ചം ഇവയാണ് നമ്മുടെ തൂവലുകൾ. അവയാണ് മരണത്തിനപ്പുറവും പറന്നുകൊണ്ടിരിക്കുക.



ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രളയ ബാധിതർക്കായി ആറാട്ടുപുഴ, നീർവിളാകം എന്നിവിടങ്ങളിൽ ഭക്ഷണ സാമഗ്രികൾ വിതരണം ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



പ്രളയദുരിതബാധിതർക്ക് സഹായവുമായി മലങ്കര ഓർത്തഡോക്സ് സഭ

നിരണം: പ്രളയദുരിതം അനുഭവിക്കുന്നവർക്ക് സഹായഹസ്തവുമായി മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിരണം ഭദ്രാസനം. നിരണം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെയും സെന്റ് ജോസഫ്സ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെയും നേതൃത്വത്തിൽ സമാഹരിച്ച തുണിത്തരങ്ങൾ, നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ള ദുരിതാശ്വാസ വസ്തുക്കൾ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനായി തിരുവല്ല തഹസിൽദാർ ജോബിൻ കെ. ജോർജിന് കൈമാറി.

നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായാണ് ദുരിതാശ്വാസ സാമഗ്രികൾ തഹസിൽദാർക്ക് ഔദ്യോഗികമായി കൈമാറിയത്.

മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ മത്തായി ടി. വർഗീസ്, സജി മാമ്പ്രക്കുഴി, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈപ്പൻ കുര്യൻ, വാർഡ് കൗൺസിലർ അഡ്വ ജെനു മാത്യു, നിരണം ഭദ്രാസന യുവജനപ്രസ്ഥാനം സെക്രട്ടറി റിനോജ് ജോർജ്, ജോയിന്റ് സെക്രട്ടറി ജോജി ജോർജ് എന്നിവരുടെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.



ആഗസ്റ്റ് 27-നു വെട്ടിക്കൽ സെന്റ് തോമസ് ദയറായിലെ മാർ ഗ്രീഗോറിയോസ് നഗറിൽ നടക്കുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന് മുന്നോടിയായി കൊച്ചി, കണ്ടനാട് വെസ്റ്റ്, കണ്ടനാട് ഈസ്റ്റ്, അങ്കമാലി ഭദ്രാസനങ്ങളിലെ ആത്മീയ സംഘടനകളുടെ ദദ്രാസന തല ഭാരവാഹികളുടെ യോഗം വെട്ടിക്കൽ ദയറായിൽ വച്ച് ചേർന്നു. കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യാക്കോബ് മാർ ഐറേനിയോസ്, അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളിക്കാർപ്പോസ്, അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം എന്നിവർ നേതൃത്വം നൽകി.



ഡൽഹി ഭദ്രാസന ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന ജൂബിലി ലക്കി ഡ്രോ കൂപ്പൺ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് പ്രകാശനം ചെയ്തു. ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയിലെ ഡൽഹി ഭദ്രാസന അസംബ്ലി അംഗങ്ങൾക്ക് ആദ്യ കൂപ്പൺ കൈമാറിക്കൊണ്ടാണ് പ്രകാശന കർമ്മം നിർവഹിച്ചത്.



ഡോ. വി. മാത്യു കുര്യനും ഡോ. എ. ഡി. മണികണ്ഠനും ചേർന്നു രചിച്ച അട്ടപ്പാടി എന്ന പുസ്തകത്തിന്റെ പ്രകാശനം ഷാജി എബ്രഹാം വാഴച്ചിറയ്ക്ക് ആദ്യ കോപ്പി നൽകിക്കൊണ്ട് ബാബു കുഴിമറ്റം നിർവഹിച്ചു.



On August 4, 2026, heads of the member churches of the National Council of Churches in India (NCCI) gathered in Bengaluru ahead of a key meeting with the Government of India. The meeting was presided over by Geevarghese Mar Yulios, President of the NCCI, with support from the organization's office bearers. Metropolitan Dr. Yuhanon Mar Chrisostmos represented the Malankara Orthodox Syrian Church.



ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ സംരംഭമായ 'നിറവ്' ഫുഡ് പ്രൊഡക്സിന്റെ ബഥേൽ അരമനയിലെ പുതിയ ഔട്ട്ലെറ്റിന്റെ കൂദാശയും ഉദ്ഘാടനവും ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. ഭദ്രാസനത്തിലെ വൈദീകർ, കൗൺസിൽ അംഗങ്ങൾ, ആത്മീയ സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ സംബന്ധിച്ചു.



ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായും, ഭദ്രാസന വൈദികരും, യുവജനപ്രസ്ഥാന ഭാരവാഹികളും ചേർന്ന് പുത്തൻകാവ്, പിരളശ്ശേരി എന്നിവിടങ്ങളിലെ ജലപ്രളയ ദുരിതബാധിത പ്രദേശങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.



റാന്നി ബഥനി ആശ്രമത്തിൽ കബറടങ്ങിയിട്ടുള്ള പിതാക്കന്മാരുടെ ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ച് നിലയ്ക്കൽ ഭദ്രസനായത്തിലെ SJOF & SDOF സംഘടനകൾ സംയുക്തമായി വാർഷികം നടത്തി. നിലയ്ക്കൽ ഭദ്രാസന മെത്രാപ്പൊലിത്താ ഡോ. ജോഷ്വാ മാർ നീക്കോദിമോസ് ഉദ്ഘാടനം നിർവഹിച്ചു. മാത്യൂസ് മാർ തേവോദോസ്സിയോസ്സ് അധ്യക്ഷത വഹിച്ചു. SJOF കേന്ദ്ര സെക്രട്ടറി പ്രൊഫ. ഡോ. മാത്യു ജോസഫ് മുഖ്യ സന്ദേശം നൽകി. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. സാം പി. ജോർജ് സ്വാഗതം ആശംസിച്ചു.



ആർദ്ര ചാരിറ്റബിൾ സൊസൈറ്റി കോതമംഗലത്ത് പണിത് നൽകിയ ഭവനത്തിന്റെ കൂദാശ എബ്രഹാം മാർ സെറാഫിം നിർവഹിച്ചു ഫാ. കെ. വൈ. വിൽസണും ആർദ്ര ഭാരവാഹികളും ചടങ്ങിൽ സംബന്ധിച്ചു.



തിരുവനന്തപുരം ഭദ്രാസനത്തിന്റെ നാൽപ്പത്തിയേഴാമത് വാർഷിക പൊതുയോഗം ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസ് ഉദ്ഘാടനം ചെയ്തു.



കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് കോട്ടയത്തെ റബ്ബർ ബോർഡ് ആസ്ഥാനം സന്ദർശിച്ചു. ചെയർമാൻ എൻ. ഹരി ബോർഡ് ആസ്ഥാനത്ത് അദ്ദേഹത്തെ സ്വീകരിച്ചു. റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ, റബ്ബർ പ്രൊഡക്ഷൻ കമ്മിഷണർ ഡോ. സിജു എന്നിവർ സന്നിഹിതരായിരുന്നു.